കെഎസ്എ-കെടിഎം/പി.17/178/2019 തീയതി 05.04.2019

## കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ **വൈക്കം നഗരസഭയുടെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2017 മുതൽ 31.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01/02/2019 മുതൽ 13/02/2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ പി.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ (ഹ.ഗ്രേ) |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.അനിൽ ബിശ്വാസ് | 01.04.2017 മുതൽ 30.05.2017 വരെ |
| ചെയർമാൻ ഇൻ ചാർജ്ജ് | ശ്രീമതി.നിർമ്മല ഗോപി | 31.05.2017 മുതൽ 19.06.2017 വരെ |
| ചെയർമാൻ | ശ്രീമതി.ഇന്ദിരാദേവി | 20.06.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ബിജ്ജു എസ്. | 01.04.2017മുതൽ 19.06.2017 വരെ |
| സെക്രട്ടറി(ഇൻചാർജ്ജ്) | ശ്രീ.കെ.എം.നാരായണൻ | 20.06.2017മുതൽ 31.03.2018 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.പി.പി. ഷാജി | 01.04.17 മുതൽ 31.03.18 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി ലീന.ഡി. | 01.04.17 മുതൽ 30.04.17വരെ |
| | ശ്രീ.വിപിൻ കൃഷ്ണ | 01.05.17 മുതൽ 3.10.17 വരെ |
| | ശ്രീമതി ലീന.ഡി. | 04.10.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽ കുമാർ | 01.04.17 മുതൽ 31.03.18 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ശ്രീ.പി.കെ.സന്തോഷ് കുമാർ | 01.04.17 മുതൽ 31.03.18 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.കെ.മനോഹരൻ | 01.04.17 മുതൽ 31.03.18 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.ഹനീഫ | 01.04.17 മുതൽ 18.12.17വരെ |
| | ശ്രീ.പി.നൗഷാദ് | 19.12.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സോണിയ | 01.04.17 മുതൽ 30.09.17 വരെ |
| | ശ്രീമതി.തങ്കമണി | 01.10.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ഹോസ്പിറ്റൽ) | ഡോ.ഗീത കെ. നായർ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | ഡോ.കെ.സി.രാധാമണി | 01.04.17 മുതൽ 05.06.17 വരെ |
| | ഡോ.അനിൽകുമാർ | 06.06.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. നിഷ മോഹൻ | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജയചന്ദ് | 01.04.17 മുതൽ 31.03.18 വരെ |

## ഉള്ളടക്കം

| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| ബജറ്റ് | 1–1 |
| വാർഷിക ധനകാര്യപത്രിക | 1–2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1–3 |
| സാമ്പത്തിക വിശകലനം | 1–4 |
| ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) | 1–5 |
| പദ്ധതി അവലോകനം | 1–6 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1–7 |
| സാമൂഹ്യക്ഷേമ പദ്ധതികൾ | 1–8 |
| ക്യാഷ് പരിശോധന | 1–9 |
| ആഭ്യന്തര നിയന്ത്രണം | 1–10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–11 |
| വാർഷിക കണക്കുകളുടെ അവലോകനം | 1–12 |
| ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതാക്കുറവ് | 2–1 |
| വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2–2 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി- അപാകതകൾ സംബന്ധിച്ച് | 2–3 |
| കെട്ടിടനിർമ്മാണ നിയന്ത്രണചട്ടം പാലിക്കുന്നതിൽ അപാകതകൾ | 2–4 |
| സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ സംയോജനം പൂർത്തിയാക്കിയിട്ടില്ല | 2–5 |
| വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിക്കാത്തതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം | 2–6 |
| വാടക/ലേലം പിരിവിലെ അപാകതകൾ | 2–7 |
| പാഴ്‌വസ്തുക്കൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നില്ല | 2–8 |
| ഡി&ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് | 2–9 |
| ഭാഗം 3 – ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വിഹിതം കൃത്യസമയത്ത് അടവാക്കുന്നില്ല – നഗരസഭയ്ക്ക് പെനാൽറ്റിയിനത്തിൽ സാമ്പത്തിക ബാദ്ധ്യത | 3–1 |

| | |
|---|---|
| വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകതകൾ – അക്കൗണ്ടന്റ് ചുമതല കൃത്യമായി നിർവ്വഹിച്ചില്ല | 3-2 |
| കണ്ടിജന്റ് വിഭാഗക്കാരുടെ യൂണിഫോം വിതരണം – തയ്യൽക്കൂലി ഇനത്തിൽ 2000 രൂപ അധികം നൽകി | 3-3 |
| ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 3-4 |
| അസ്സൽ രസീതില്ലാതെ ഡെപ്പോസിറ്റ് തിരികെ നൽകി 4,22,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ബിൻ വാങ്ങുന്ന പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-6 |
| തെരുവ് നായ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ABC പ്രോഗ്രാം – അധിക തുക ചെലവഴിച്ചു | 3-7 |
| കരാറുകാരന് നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക നൽകി | 3-8 |
| വഴിവിളക്കുകളുടെ എ.എം.സി.യും റിപ്പയറിംഗും – പദ്ധതി പണത്തിന്റെ പാഴ്ച്ചെലവ് | 3-9 |
| ബീച്ചിൽ കളിസ്ഥലനിർമ്മാണവും സൗന്ദര്യവൽക്കരണവും – അപാകതകൾ | 3-10 |
| പൊതുശ്മശാനം നവീകരണം – അപാകതകൾ | 3-11 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-12 |
| ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-13 |
| മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫർണ്ണിച്ചർ – ടെണ്ടർ ക്ഷണിച്ചില്ല | 3-14 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-15 |
| ക്രമവിരുദ്ധമായി തനത് ഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കണം | 3-16 |
| മാലിന്യസംസ്കരണവും, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും – പ്രവർത്തനം ആരംഭിച്ച് ലക്ഷ്യം കൈവരിച്ചില്ല | 3-17 |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| | |

| | |
|---|---|
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ചാർജ്/ സർചാർജ് വിവരം | 4-8 |
| ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് 2017-18 | അനുബന്ധം-2 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം-3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം-4 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 06.03.2017 തീയതിയിൽ നടന്ന നഗരസഭ കൗൺസിലിന്റെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 3175090.52 | 17831636.27 | 14656545.75 | |
| വരവ് | 227520507 | 138267186 | | 89253321 |
| ആകെ | 230695597.52 | 156098822.27 | | 74596775.25 |
| ചെലവ് | 216773116 | 141505097 | | 75268019 |
| നീക്കിയിരിപ്പ് | 13922481.52 | 14593725.27 | 671243.75 | |

ബജറ്റിൽ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ആയതിൽ നിന്നും നഗരസഭയുടെ വരവുചെലവുകളെ കൃത്യമായി

അപഗ്രഥിച്ചതിനുശേഷമല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് നഗരസഭയുടെ യഥാർത്ഥ മുന്നിരിപ്പിനെ സൂചിപ്പിക്കുന്നില്ല. ബജറ്റ് 06.03.2018ലെ 1ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. 2016-17 വർഷത്തെ RP 40(b)-യിൽ നെഗറ്റീവ് തുക ചേർത്ത് (-746034) ക്രമീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

# 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. വൈക്കം നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ പത്രിക നഗരസഭാ ഭരണസമിതി 30.06.2018ലെ 1(എ) -ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും നഗരസഭാ സെക്രട്ടറിയുടെ 31.07.2018 ലെ എ1- 24177/16 നം. കത്ത് പ്രകാരം 08.08.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വൈക്കം നഗരസഭയുടെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.08.2018, 30.08.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 31.08.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി 17 -1615/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

വൈക്കം നഗരസഭയുടെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17831636.27 |
| വരവ് | 138267186 |
| ആകെ | 156098822.27 |
| ചെലവ് | 141505097 |
| നീക്കിയിരിപ്പ് | 14593725.27 |

# 1-5 ഫണ്ട് വിനിയോഗം

വൈക്കം നഗരസഭയുടെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | എ.സി.ആർ. പ്രകാരമുള്ള വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 24663004 | 24663004 | 21217246 | 3445758 | 86.03 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 6888000 | 6888000 | 4523972 | 2364028 | 65.68 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 14477190 | 14477190 | 14449144 | 28046 | 99.81 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 5117718 | 5117718 | 4656731 | 460987 | 90.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 24137260 | 24137260 | 24076512 | 60748 | 99.75 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3011137 | 3011137 | 1665343 | 1345794 | 55.31 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 3505898 | 5122690 | 8628588 | 7578358 | 1050230 | 87.83 |
| ബി ഫണ്ട് | 0 | 36100000 | 36100000 | 36100000 | | 100 |
| ഗുണഭോക്തൃ വിഹിതം | 0 | 1410000 | 1410000 | 1410000 | | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 1595147 | 8653000 | 10248147 | 9698253 | 549894 | 94.63 |

# 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1 | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നമ്പർ/ തീയതി | 490/17 14.06.2017 |
| 2 | ആകെ അടങ്കൽ | 140339521 |
| 3 | പദ്ധതികളുടെ എണ്ണം | 302 |

| | | |
|---|---|---|
| 1 | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നമ്പർ/ തീയതി | 490/17 14.06.2017 |
| 4 | സ്പിൽ ഓവർ | 108 |
| 5 | പുതിയത് | 194 |

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | ഉൽപ്പാദനം | 17 | 16 | 7528293 | 4450315 | 59.11 |
| 2 | സേവനം | 92 | 55 | 56831264 | 33808215 | 59.49 |
| 3 | പശ്ചാത്തലം | 193 | 126 | 75979964 | 32143467 | 42.31 |
| | ആകെ | 302 | 197 | 140339521 | 70401997 | 50.16 |

ആകെ അടങ്കലിന്റെ 50%ൽ അധികവും പശ്ചാത്തല മേഖലയിൽ വകകൊള്ളിച്ചപ്പോഴും വകകൊള്ളിച്ചതിന്റെ 42% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ഉത്പാദനമേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല.

<u>നിർവ്വഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 2952762 | 1696803 | 57.46 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 1884126 | 952462 | 50.55 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 5 | 5 | 2042240 | 1162764 | 56.93572 |
| 4 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 400000 | 400000 | 100 |
| 5 | മെഡിക്കൽ | 1 | 1 | 600000 | 600000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ, ആയുർവേദം | | | | | |
| 6 | ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 187755 | 181255 | 96.54 |
| 7 | ഐസിഡിഎസ് സൂപ്പർവൈസർ | 4 | 4 | 3032400 | 2399962 | 79.14398 |
| 8 | സെക്രട്ടറി | 21 | 17 | 8145678 | 6622867 | 81.30529 |
| 9 | ഹെഡ്മാസ്റ്റർ | 7 | 6 | 1441137 | 1254288 | 87.03461 |
| 10 | മുനിസിപ്പൽ എഞ്ചിനീയർ | 226 | 133 | 102867907 | 45366261 | 44.10147 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി പി.എ.യു. | 20 | 14 | 14585516 | 8315335 | 57.01091 |
| 12 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 2 | 2 | 2200000 | 1450000 | 65.9 |
| | ആകെ | 302 | 197 | 140339521 | 70401997 | 65.9 |

2 നിർവ്വഹണോദ്യോഗസ്ഥർ 100% ഫണ്ടും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനങ്ങളിൽ പോരായ്മകൾ നിലനിൽക്കുന്നു.

<u>**1.അസിസ്റ്റന്റ് എഞ്ചിനീയർ**</u> നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ക്രമീകരിച്ചിരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഫയൽ ക്രമമായോ സ്വയംവിവരണാത്മകമായ വിവരങ്ങൾ രേഖപ്പെടുത്തിയോ സൂക്ഷിക്കുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ നിർവ്വഹണോദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും വിലയിരുത്തുന്നതിന് തടസ്സമാകുന്നു. മിക്ക ഫയലുകളിലും വിശദമായ എസ്റ്റിമേറ്റോ, എസ്റ്റിമേറ്റ് റിപ്പോർട്ടോ ലഭ്യമല്ല. പ്രോജക്ട് പ്രൊഫോർമ ഇല്ലാത്ത സ്ഥിതിയും ഉള്ളതിൽ വിവരങ്ങൾ പൂർണ്ണമായും ചേർക്കാത്ത സ്ഥിതിയും നിലനിൽക്കുന്നു. ഉദാ: പ്രോജക്ട് പ്രൊഫോർമയുടെ ശീർഷകം 36ൽ ആസ്തിയുടെ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല. ചുരുക്കത്തിൽ നഗരസഭയുടെ ആസ്തിയാണ് എന്ന് ഉറപ്പ് വരുത്താതെയാണ് പദ്ധതി തുക ചെലവിട്ടിരിക്കുന്നത്.

ടെണ്ടർ നടപടികൾ സുതാര്യമല്ല. മിക്ക സന്ദർഭങ്ങളിലും ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാതിരിക്കുകയും പുനർദർഘാസ് ക്ഷണിക്കുന്ന വേളയിൽ ഒരാൾ മാത്രം ടെണ്ടർ സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ്.

സ്വീകരിക്കപ്പെടുന്ന ടെണ്ടറുകളിന്മേൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതിന്റെയോ പ്രവൃത്തിസ്ഥലം കൈമാറിയിട്ടുള്ളതിന്റെയോ രേഖകൾ ഫയലിലില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട

വിവരങ്ങൾ കരാർപത്രത്തിൽ എഴുതി ചേർക്കാത്ത സ്ഥിതിയാണുള്ളത്.

2. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പദ്ധതി ചെലവിന്റെ കൃത്യത ഉറപ്പുവരുത്താതെ തുക ചെലവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് പ്രോജക്ട് നം.160 'അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും ഹോണറേറിയം' എന്ന പദ്ധതിയിൽ താൽക്കാലിക ജീവനക്കാരുടെ ഹാജർ ശരിയായ രീതിയിൽ പരിശോധിയ്ക്കാതെയാണ് ഹോണറേറിയം നൽകിയിട്ടുള്ളത്.

3. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ കന്നുകുട്ടികളുടെ വിവരശേഖരണം നടത്തി പദ്ധതിപ്പണം പാഴാകാതിരിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല. ആടുവളർത്തൽ, കോഴിവളർത്തൽ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ചെലവിട്ടിട്ടുള്ളതിന് രേഖകൾ ഇല്ല.

4.മെഡിക്കൽ ഓഫീസർ, അലോപ്പതി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പാലിയേറ്റീവ് കെയർ പദ്ധതിയാണ് പ്രധാനം. പദ്ധതി നിർവ്വഹണത്തിലും പദ്ധതി തുക ചെലവിട്ടതിലും നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള മരുന്നുകൾ പാലിയേറ്റീവ് നഴ്സ് ആശുപത്രിയിൽ നിന്നും കൈപ്പറ്റുന്നുണ്ടെങ്കിലും ആയതിന്റെ ഉപയോഗവിവരം ആധികാരികമായി രേഖപ്പെടുത്തുന്നില്ല. പദ്ധതി ഫയലുകൾ നിർവ്വഹണോദ്യോഗസ്ഥന്റെ പൂർണ്ണശ്രദ്ധ പതിഞ്ഞ് കാണുന്നില്ല.

5.ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 3 പദ്ധതികളിൽ 100% പദ്ധതിപ്പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിനിർവ്വഹണത്തിൽ അപാകത ശ്രദ്ധയിൽപ്പെട്ടു. ക്ഷീരകർഷകർക്ക് കറവപ്പശുക്കളെ വാങ്ങി നൽകാനായി രൂപീകരിച്ച് നടപ്പിലാക്കിയ 148/18-ാം നമ്പർ പദ്ധതിയിൽ നിർവ്വഹണം നടത്തിയിട്ടുള്ളത് സർക്കാർ മാർഗ്ഗനിർദ്ദേശം പാലിയ്ക്കാതെയാണ്. അതിലുപരി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ സ്ഥാനം പിടിക്കാത്ത വ്യക്തികൾക്ക് പദ്ധതിസഹായം നൽകിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് പാൽ അളവ് ശരിയായ രീതിയിൽ വിലയിരുത്താതെയാണ്.

6.സെക്രട്ടറി നിർവ്വഹണം നടത്തിയ 17 പദ്ധതികളിൽ 8 എണ്ണവും വാങ്ങൽ പദ്ധതികളാണ്. ശേഷിക്കുന്നവയിൽ 6 എണ്ണം തുക കൈമാറുന്നതിനായിട്ടുള്ള പദ്ധതികളാണ്. ചുരുക്കത്തിൽ വികസനോന്മുഖവും കാര്യമാത്രപ്രസക്തവുമായ യാതൊരു പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതായി കാണുന്നില്ല.

7. നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

നഗരസഭയിലെ പ്രധാനപ്പെട്ട വിഭാഗം ആണെന്നിരിക്കെ ആസൂത്രണം ചെയ്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പിലാക്കിയ പദ്ധതികൾ തന്നെ പരിഹരിയ്ക്കാവുന്ന അപാകതകൾ നിലനിൽക്കുന്ന സാഹചര്യമുണ്ട്. എന്നാൽ ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ലൈഫ് മിഷൻ പദ്ധതി പോലുള്ളവ മെച്ചമായി നിർവ്വഹണം നടത്തിയിട്ടുണ്ട്.

# 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അവലോകനം

2017-18 ആക്ഷൻ പ്ലാൻ പ്രകാരം 344 പദ്ധതികൾ വിഭാവനം ചെയ്തതിൽ 139 പദ്ധതികൾക്ക്

സാങ്കേതികാനുമതി ലഭിക്കുകയും അത്രയുംതന്നെ പദ്ധതികൾ പൂർത്തീകരിക്കുകയും ആകെ 27984 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പദ്ധതി പ്രകാരം 168 പേർക്ക് തൊഴിൽ കാർഡ് നൽകി. 1153 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. വിവിധ വാർഡുകളിലെ ജലസംരക്ഷണ പ്രവൃത്തികൾ, പൊതുകുളങ്ങൾ, കിണറുകൾ എന്നിവ വൃത്തിയാക്കുന്ന പ്രവൃത്തികൾ, ഭൂവികസനം, മൈക്രോ ഇറിഗേഷൻ കോളനി നവീകരണ പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (ക്യാഷ് ബുക്ക് പ്രാകാരം).

| | |
|---|---|
| മുന്നിരിപ്പ് | 3505898 |
| വരവ് | 5000000 |
| പലിശ വരവ് | 122690 |
| ആകെ | 8628588 |
| ചെലവ് | 7578358 |
| നീക്കിയിരിപ്പ് | 1050230 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 426 | 4798400 |
| വിധവാപെൻഷൻ | 536 | 6294300 |
| വാർദ്ധക്യകാലപെൻഷൻ | 1653 | 21725600 |
| വികലാംഗപെൻഷൻ | 210 | 2520500 |
| അവിവാഹിത പെൻഷൻ | 51 | 676600 |
| തൊഴിൽരഹിത വേതനം | 147 | 84480 |

# 1-9 ക്യാഷ് പരിശോധന

വൈക്കം നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2019തീയതിയിൽ 4 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഹെഡ് ക്ലാർക്കിന്റെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 29167/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സംവിധാനം ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അഭാവവും, തുടരെത്തുടരെയുള്ള ട്രാൻസ്ഫറുകളും, ചുമതലകൾ വേർതിരിച്ച് ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരേ ജീവനക്കാരിൽ തന്നെ നിക്ഷിപ്തമാവാത്ത രീതിയിൽ സംവിധാനം ചെയ്ത് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് തടസ്സമാകുന്നു. 11.07.2017-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗത്തിൽ 06/17- ലെ കണക്കുകൾ പരിശോധിക്കണമെന്ന പ്രധാന അജണ്ട നടപ്പാക്കിയില്ല. ശരിയായ പരിശോധനയുടെ അഭാവം വൗച്ചറുകളുടെ സൂക്ഷിപ്പിനെ ബാധിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

ക്യാഷ്, സെക്യൂരിറ്റി, ഇൻവന്ററി എന്നിവയുടെ കസ്റ്റഡിയും നിയന്ത്രണവും, നൽകാനുള്ളവ, കിട്ടാനുള്ളവ, വാങ്ങൽ എന്നിവയുടെ വ്യക്തമായ രേഖകൾ, അക്കൗണ്ട് ബാലൻസുകൾ, ജേർണൽ രേഖപ്പെടുത്തലുകൾ, ഇടപാടുകളുടെ തരംതിരിച്ചുള്ള അക്കൗണ്ട് ബാലൻസുകൾ, നികുതി, നികുതിയേതര വരവുകൾ, ചെലവുകൾ, ആസ്തി ബാധ്യതകൾ എന്നിവ സമയബന്ധിതമായി അംഗീകാരത്തോടുകൂടി രേഖപ്പെടുത്തുന്നതിലും അനുബന്ധ രേഖകൾ സൂക്ഷിച്ചും, ഇടപാടുകളും പ്രവർത്തനങ്ങളും വ്യക്തമായി രേഖപ്പെടുത്തുന്ന അക്കൗണ്ടിംഗ് സംവിധാനം 2017-18 വർഷം ഫലപ്രദമല്ലാഞ്ഞതിനാൽ സ്ഥാപനത്തിന് ഗ്യാപ് ഫണ്ട് നഷ്ടമാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചുമതലകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിരിക്കുന്നു.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കാലാകാലങ്ങളിലെ നിലനിൽക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ നികുതി വിലയിരുത്തിയും, വരവുകൾ രേഖപ്പെടുത്തിയും, കുടിശ്ശികകൾ വരും വർഷങ്ങളിലെ ബാക്കിയായി നിലനിർത്തിയും നികുതി പിരിച്ചെടുക്കുന്നതിനുള്ള കർശന നിയന്ത്രണ സംവിധാനം നഗരസഭയിൽ അവലംബിക്കേണ്ടതായിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുത്താത്തതുമൂലം തനത് വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു

5) Controls over Procurement of works & Stores

പ്രൊക്യുർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യുർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) Payroll നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.07.2016 മുതൽ 5.08.2016 വരെ | 2011-12മുതൽ 2015-16 വരെ | എൽ ബി എ (എച്ച് ക്യൂ) 11/8 എ, 2485/197 |

# 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. 2016-17 വർഷത്തെ ഓഡിറ്റിന് ശേഷം വാർഷിക കണക്കുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

2. 2016-17 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ പ്രകാരം 31.03.2017 ലെ നീക്കിയിരിപ്പ് 2,55,99,493.2 രൂപയാണ്. എന്നാൽ 2017-18 വാർഷിക കണക്കുകൾ പ്രകാരം 01.04.17 ലെ മുന്നിരിപ്പ് (RP 40a) 1,78,31,636.27/- രൂപയാണ്. 77,67,856.93/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. തനത് ഫണ്ട് ഉൾപ്പെടെയുള്ള 15 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ മുന്നിരിപ്പിൽ വലിയ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. 31.03.17 ലെ ബാങ്ക് പാസ് ബുക്കുകൾ, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. 31.03.17 ൽ നീക്കിയിരിപ്പുള്ളതും 01.04.17 ൽ മുന്നിരിപ്പ് '0' ആയി രേഖപ്പെടുത്തിയിട്ടുള്ളതുമായ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ബാങ്ക് | 31.03.17 ലെ നീക്കിയിരിപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക (01.04.17 ലെ തുക) |
|---|---|---|---|
| 1 | ICICI Bank NULM | 137176 | 1294818 |
| 2 | Schedules Co-op Bank, Municipal Fund | 6690486 | ബാങ്ക് രേഖ ലഭ്യമാക്കിയില്ല |
| 3 | Treasury Municipal Fund 7 | 820945 | |
| 4 | Treasury | 820943 | |

മുന്നിരിപ്പ് തുകകൾ വ്യത്യാസം വരുത്താനുള്ള സാഹചര്യം വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

4. RP40(b) പ്രകാരം 25 അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 9 അക്കൗണ്ടുകളുടെ ബാങ്ക് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ആയതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

5. Own Fund SBI (അക്കൗണ്ട് നം.5397) യുടെ പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം 1,47,03,362/- രൂപ Cheque issued but not presented to bank' എന്ന ഇനത്തിലും 1,68,83,202/- രൂപ cheque deposited but not cleared by the bank എന്ന ഇനത്തിലും 44,465/- രൂപ directly debited by bank എന്ന ഇനത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2011 വർഷം മുതലുള്ള വിനിമയങ്ങളും പൊരുത്തപ്പെടുത്തലുകളും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

6. ട്രഷറി തനത്ഫണ്ട് അക്കൗണ്ടിൽ (നം.10904140000011) 5,49,894/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് (RP 40 b). പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ബാങ്ക് നീക്കിയിരിപ്പ് 5,01,895/- രൂപയാണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെൻ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1,04,697/- രൂപയാണ്.

7. ICICI ബാങ്ക് (NULM) ന്റെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 7,74,637/- രൂപയാണ് (RP 40 b). എന്നാൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 58,873/- രൂപയാണ്. കൂടാതെ Dist. Co-op Bank ems (10939) എന്ന അക്കൗണ്ടിൽ 51,05,919/- രൂപായാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് ബാങ്ക് രേഖകൾ ഹാജരാക്കിയില്ല.

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരമുള്ള ജനറൽ ഫണ്ടിന്റെ മുന്നിരിപ്പ് 2016-17 വർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ജനറൽ ഫണ്ടിൽ നിന്നും 2,38,461/- രൂപ ചെലവ് ചെയ്തിട്ടുള്ളതായി RP 21 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

9. തൊഴിൽ രഹിതവേതനമായി 1,19,520/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 84,600/- രൂപ വിതരണം ചെയ്തിട്ടുള്ളതും 34,920/- രൂപ ROP ആയി അടച്ചിട്ടുള്ളതുമാണ്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. പ്രധാനനികുതിയിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, പരസ്യനികുതി എന്നിവയുടെയും, വാടക, ലേലം, ഡി & ഒ ലൈസൻസ് ഫീസ് എന്നീ വരവിനങ്ങളുടേയും ഡിമാന്റ് രജിസ്റ്റർ/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ B 15 ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. B 15 ഷെഡ്യൂളിൽ വസ്തുനികുതിയുടെ മുൻവർഷ കുടിശിക തുകകൾ ഉൾപ്പെട്ടിട്ടുമില്ല.

11. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഫണ്ടുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടുള്ള 2,80,12,781.1/- രൂപയുടെ കൃത്യത വ്യക്തമല്ല.

12. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തൻവർഷം രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ B7 ഷെഡ്യൂളിൽ ഉൾപ്പെട്ട 97,88,993/- രൂപയുടെ ബാധ്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

13. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ B 18 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

14. B 12 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ കാണിച്ചിട്ടുള്ള Equity Share തുകയായ 26,27,027/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

15. 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 1,07,513/- രൂപ സ്റ്റോക്ക് ഇൻ ഹാന്റ് ആയി (B 14 ഷെഡ്യൂൾ) അവശേഷിച്ചിരുന്നു. പ്രസ്തുത തുകയുടെ ചെലവ് വിവരം വ്യക്തമല്ല.

16. സ.ഉ.(എം.എസ്.)നം.152/2011 തസ്വഭവ 26.07.2011 ലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.

17. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ I-17 (a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. തൻവർഷം ക്യാപ്പിറ്റലായി മാറ്റിയ ആസ്തികളുടെ കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

19. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രോവിഷൻ തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

20. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി B11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

21. ബാലൻസ് ഷീറ്റിൽ State Government cesses/levies in property tax എന്ന ഇനത്തിലുള്ള തുക വസ്തുനികുതി കുടിശികയുടെ 5% തുകയുമായി പൊരുത്തപ്പെടുന്നില്ല.

22. വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

23. എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

24. ഫണ്ട് വിനിയോഗങ്ങളിലെ ചെലവ് തുക (RP- 6) പ്രകാരമുള്ളത് ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

25. വാർഷികധനകാര്യപത്രിക പ്രകാരമുള്ള അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ എല്ലാ അപാകതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതാ കുറവ്

തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2017-18 വർഷം 150- ഓളം സ്ഥാപനങ്ങൾ കുടിശിക വരുത്തിയിട്ടുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ശ്രീകാന്ത്, ജ്യോതിസ് മെഡിക്കൽസ് | I & II |
| 2 | മനോജ് ദാസ്, ദുബായി കോപ്ലക്സ് | I & II |
| 3 | രേണുക കെ.കെ., ശ്രീ സ്റ്റോഴ്സ് | I & II |
| 4 | പ്രൊപ്രൈറ്റർ, ജ്യുവൽ മോട്ടോഴ്സ് | I & II |
| 5 | വേണുഗോപാൽ, ചേലപ്പുറത്ത് എൻജിനീയേഴ്സ് | II |
| 6 | ജയിംസ് ജോൺ, മാണിക്കാം പറമ്പിൽ ടയേഴ്സ് | I & II |
| 7 | മാനേജർ, UBI വൈക്കം | II |

| | | |
|---|---|---|
| 8 | പ്രൊപ്രൈറ്റർ, വൈക്കം മോട്ടോഴ്സ് ഹീറോ ഹോണ്ടാ | II |
| 9 | ബിനു എൻ.എസ്., കൈരളി സ്റ്റോഴ്സ് | I & II |
| 10 | പ്രശാന്ത് ജി. പണിക്കർ, വൈക്കം ഷോപ്പിംഗ് സെന്റർ | I & II |
| 11 | കാർത്തിക ഓട്ടോമൊബൈൽസ്, വൈപ്പിൻ പടി | II |
| 12 | അറയ്ക്കൽ ആയുർവ്വേദ സെന്റർ, കൊച്ചുകവല | I & II |
| 13 | അനുപമ ഡ്രൈവിംഗ് സ്കൂൾ, | I & II |
| 14 | പ്രവീൺ ടി.പി., ഗൗരി ഫർണീഷിങ്ങ് | I & II |
| 15 | ആശ പി.വൈ, ആശാരിപ്പറമ്പിൽ ഫർണീച്ചർ | I & II |
| 16 | G Tech, വൈക്കം | I & II |
| 17 | ഷൈലമ്മ, നിർമ്മാല്യം ഡ്രൈവിംഗ് സ്കൂൾ | I & II |
| 18 | ബിജു കെ.വി, കണ്ടാശ്ശേരി സ്റ്റേഷനറി | II |
| 19 | ബിജു ടി.കെ., ബിസ്മി ഫിഷറീസ് | II |
| 20 | സെക്രട്ടറി, കയർ വ്യവസായ സഹകരണസംഘം | I & II |
| 21 | മാനേജർ, ലക്ഷ്മി ബാങ്കേഴ്സ് | II |
| 22 | സത്യൻ എം.ഡി., രേവതി ഫിനാൻസ് | I & II |
| 23 | പ്രൊപ്രൈറ്റർ, ബിന്ദു ഡ്രൈവിംഗ് സ്കൂൾ | I & II |
| 24 | അജിത് കുമാർ, എസ്.എൻ എ. ഔഷധശാല | I & II |
| 25 | കാലിക്കറ്റ് ചിപ്സ്, KSRTC | I & II |
| 26 | മാനേജർ, മറ്റപ്പള്ളി ഫിനാൻസ് | II |
| 27 | സീന ഷാജി, KSRTC പാർക്കിംഗ് | I & II |
| 28 | സജീവ്, ലൈഫ്സ്റ്റൈൽ ടെയ്‌ലറിംഗ് | I & II |
| 29 | മോളി ജോസ്, പഴയകടവിൽ, മഡോണ ഹാർഡ് വെയേഴ്സ് | I & II |
| 30 | അബ് ജോജി, നോവലിറ്റി ഫൂട്ട് വെയേഴ്സ് | I & II |

അതോടൊപ്പം കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2) മുതൽ (11) വരെ നിർവ്വചിച്ചിരിക്കുന്നതും നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നതുമായ അഭിഭാഷകർ, ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), കരാറുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി സമയബന്ധിതമായി പിരിക്കുന്നതിൽ അനാസ്ഥയുള്ളതായി ഇതിൽ നിന്നും വ്യക്തമാണ്. നഗരസഭാപരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായ എല്ലാ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സെക്രട്ടറി പ്രത്യേക ശ്രദ്ധ നൽകേണ്ടതും നഗരസഭ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

# 2-2 വസ്തുനികുതി കുടിശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

വൈക്കം നഗരസഭയിൽ വസ്തു നികുതി ഇനത്തിൽ മുൻവർഷങ്ങളിലേത് ഉൾപ്പെടെ 37,45,714/- രൂപ കുടിശിക നിലനിൽക്കുന്നു. ഈ തുക പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ പരിശ്രമം ഉണ്ടാകേണ്ടതാണ്. ദൈനംദിന ചെലവുകൾക്ക് പോലും ബുദ്ധിമുട്ടുന്ന നഗരസഭയിൽ വസ്തു നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി ഓഡിറ്റിന്റെ പരിശോധനയിൽ കാണാൻ സാധിച്ചില്ല. കുടിശിക വരുത്തിയവരിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച് വസ്തു നികുതി കുടിശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

# 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി- അപാകതകൾ സംബന്ധിച്ച്

വൈക്കം നഗരസഭാ പരിധിയിൽ ആകെ 08 മൊബൈൽ ടവറുകൾ മാത്രമാണ് അസസ്സ്മെന്റ് രജിസ്റ്റർപ്രകാരം അസസ്സ് ചെയ്തിരിക്കുന്നത്. ഇതിൽ ഒരു BSNL ടവറുപോലും അസസ്സ് ചെയ്തതായി കാണുന്നില്ല. അസസ്സ് ചെയ്തിട്ടുള്ള 03 മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം നഗരസഭയുടെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സഹായത്തോടെ നേരിട്ട് പരിശോധിക്കുകയും ടവറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരുന്നവയുടെ തറവിസ്തീർണ്ണം അളന്ന തിട്ടപ്പെടുത്തുകയും ചെയ്തതിൽ ഇവയുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായും നഗരസഭയുടെ അസ്സസ്മെന്റ് രജിസ്റ്ററുമായി വ്യത്യാസമുള്ളതായും കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവർ പരിപാലിക്കുന്ന സ്ഥാപനം | സാങ്കേതിക വിഭാഗം അളന്ന തിട്ടപ്പെടുത്തിയ പ്ലോട്ട് വിസ്തീർണ്ണം/ തറ വിസ്തീർണ്ണം(ച.മീ) | അസസ്സ് ചെയ്ത വസ്തു നികുതി | സാങ്കേതിക വിഭാഗം അളന്ന തിട്ടപ്പെടുത്തിയ വിസ്തീർണ്ണ പ്രകാരം ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|---|---|
| 1. | XIII/126(B) | എസ്സാർ ടെലകോം | 37.23 | 4966 | 18615 |
| 2. | XIII/ --- | BSNL | 46.66 | അസസ്സ് ചെയ്തിട്ടില്ല | 23330 |
| 3. | XIII/ | ഭാരതി ഇൻഫ്രാടെൽ | 84.12 | 10665 | 42060 |

മേൽ അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27- ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. വൈക്കം നഗരസഭാ പരിധിയിൽ കേവലം 08 മൊബൈൽ ടവറുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നുള്ളത് വിശ്വാസയോഗ്യമല്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടവറുകളുടെയും വിവരം വാർഡ് കൗൺസിലർമാരുടെ സഹായത്തോടെ കണ്ടെത്തി അസസ്സ് ചെയ്ത് വസ്തു നികുതി ഈടാക്കുന്നതിന് അടിയന്തിര ശ്രമം ഉണ്ടാകേണ്ടതാണ്.

# 2-4 കെട്ടിടനിർമ്മാണനിയന്ത്രണ ചട്ടം പാലിക്കുന്നതിൽ അപാകതകൾ

നഗരസഭയുടെ അനിവാര്യചുമതലയായ കെട്ടിടനിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃതനിർമ്മാണം/ അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ല എന്നും പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം. ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാരണ നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല എന്ന് കാണുന്നു. പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയരജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

<u>കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സമയക്രമം പാലിക്കുന്നില്ല</u>

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്. എന്നാൽ സങ്കേതം സോഫ്റ്റ്‌വെയറിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധി ലംഘിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷയുടെ വിവരങ്ങൾ (തീയതി ഉൾപ്പെടെ) | സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ തിയതി | പെർമിറ്റ് നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|
| 1 | E1/1447/2015 [49941] dt: 31/03/2015 | 22/08/2017 | E1/1447/2015 [49941] പെർമിറ്റ് No: E1-BA(42474)/2017 dt: 24/08/2017 |
| 2 | E1/4655/2015 [69237] dt: 29/05/2015 | 26/04/2017 | E1/4655/2015 [69237] പെർമിറ്റ് No: E1-BA(17810)/2017 dt: 26/04/2017 |
| 3 | E1/5589/2015 [77651] dt: 06/07/2015 | 24/05/2017 | E1/5589/2015 [77651] പെർമിറ്റ് No: E1-BA(24194)/2017 dt: 27/05/2017 |
| 4 | E1/165/2017 [149649] dt: 13/01/2017 | 06/06/2017 | E1/165/2017 [149649] പെർമിറ്റ് No: E1-BA(26577)/2017 dt: 06/06/2017 |
| 5 | E1/1845/2017 [168526] | 16/05/2017 | E1/1845/2017 [168526] പെർമിറ്റ് No: |

| | | | |
|---|---|---|---|
| | dt: 28/03/2017 | | E1-BA(24190)/2017 dt: 27/05/2017 |
| 6 | E1/2460/2017 [232119] dt: 25/04/2017 | 09/06/2017 | E1/2460/2017 [232119] പെർമിറ്റ് No: E1-BA(28131)/2017 dt: 14/06/2017 |
| 7 | E1/2225/2017 [232579] dt: 12/04/2017 | 26/04/2017 | E1/2225/2017 [232579] പെർമിറ്റ് No: E1-BA(17853)/2017 dt: 26/04/2017 |
| 8 | E1/2226/2017 [232919] dt: 12/04/2017 | 07/06/2017 | E1/2226/2017 [232919] പെർമിറ്റ് No: E1-BA(27104)/2017 dt: 08/06/2017 |
| 9 | E1/2200/2017 [233013] dt: 12/04/2017 | 16/05/2017 | E1/2200/2017 [233013] പെർമിറ്റ് No: E1-BA(22242)/2017 dt: 18/05/2017 |
| 10 | E1/2386/2017 [234188] dt: 17/04/2017 | 18/05/2017 | E1/2386/2017 [234188] പെർമിറ്റ് No: E1-BA(22180)/2017 dt: 18/05/2017 |
| 11 | E1/2391/2017 [235731] dt: 17/04/2017 | 08/08/2017 | E1/2391/2017 [235731] പെർമിറ്റ് No: E1-BA(45924)/2017 dt: 15/09/2017 |
| 12 | E1/3305/2017 [236299] dt: 27/05/2017 | 07/06/2017 | No: E1-BA(29687)/2017എE1/ 3305/2017 [236299] പെർമിറ്റ് dt: 20/06/2017 |
| 13 | E1/2486/2017 [236596] dt: 25/04/2017 | 06/07/2017 | E1/2486/2017 [236596] പെർമിറ്റ് No: E1-BA(34050)/2017 dt: 13/07/2017 |
| 14 | E1/2605/2017 [236666] dt: 28/04/2017 | 04/07/2017 | E1/2605/2017 [236666] പെർമിറ്റ് No: E1-BA(37941)/2017 dt: 01/08/2017 |
| 15 | E1/3526/2017 [237136] dt: 06/06/2017 | 08/08/2017 | E1/3526/2017 [237136] പെർമിറ്റ് No: E1-BA(40771)/2017 dt: 17/08/2017 |

അതോടൊപ്പം ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം ലഭിച്ച അപേക്ഷകളിൽ 83 അപേക്ഷകൾ ഇപ്പോഴും PWO II – സെക്ഷന്റെ പക്കൽ വ്യക്തമായ കാരണം സൂചിപ്പിക്കാതെ പെൻഡിംഗായി സൂക്ഷിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ വിവരങ്ങൾ | അപേക്ഷ നൽകിയ തിയതി |
|---|---|---|
| 1 | രഞ്ജിത്ത്, പുതുപ്പനത്ത്, വൈക്കം | 17.04.2017 |
| 2 | ബിന്ദുരാജ് മോഹൻ, രാധാസ് ഭവൻ | 17.04.2017 |
| 3 | കേശവപണിക്കർ, വടക്കേ കുവമ്പള്ളിൽ, വൈക്കം | 24.04.2017 |
| 4 | സുധർമ്മ, മുപ്പതുപറ, പ്രായിക്കര | 10.06.2017 |

| | | |
|---|---|---|
| 5 | ഉഷ, പള്ളത്ത് ചിറ, അയ്യർകുളങ്ങര | 10.06.2017 |
| 6 | വിജയമ്മ, ചക്കാരത്തറ വീട്, കപ്പോളചിറ | 12.06.2017 |
| 7 | സുബൈർ, മദീന മൻസിൽ, വൈപ്പിൻ പടി | 19.06.2017 |
| 8 | ജയൻ എസ്., പുതുശ്ശേരിൽ, അയ്യർകുളങ്ങര | 01.07.2017 |
| 9 | ഡെന്നി എം. ജോസഫ്, മംഗലശ്ശേരിൽ, ചെമ്മനത്തുകര | 05.08.2017 |
| 10 | സൗദാമിനി, അശ്വതി ഭവൻ, പടിഞ്ഞാറെനട | 22.08.2017 |

മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്. പൊതുജനത്തിന് യഥാസമയം സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയാണ്. അതിനാൽ ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടാകേണ്ടതായിട്ടുണ്ട്.

# 2-5 സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ സംയോജനം പൂർത്തിയാക്കിയിട്ടില്ല

സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ, ആകെയുള്ള രസീതുകളുടെയും മാപ്പ് ചെയ്തിട്ടുള്ളവയുടെയും എണ്ണം, സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ കെട്ടിടങ്ങളുടെ മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ വിവരം, ആകെ കെട്ടിടങ്ങളുടെ എണ്ണം, മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ എണ്ണം/ ശതമാനം എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7(1)) ഡേറ്റാ എൻട്രി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്നും അത് കഴിഞ്ഞാൽ ഉടൻ വിവരം ഓഡിറ്റിനെ അറിയിക്കാം എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ 2300-ഓളം കെട്ടിടങ്ങളുടെ ഫോം 6 വിവരങ്ങൾ മാത്രമാണ് ഇതുവരെ സഞ്ചയയിൽ ഡേറ്റ എൻട്രി നടത്തുവാൻ സാധിച്ചിട്ടുള്ളത് എന്ന് കണ്ടു. കൂടുതൽ ജീവനക്കാരുടെ സഹകരണത്തോടെ സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ ഉടൻ നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-6 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് ഇവ പരിശോധന നടത്തുന്നതിനും, കൃത്യമായി നികുതി പിരിച്ചെടുക്കുന്നതിനും, പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, അർഹമായ ഇളവുകൾ അനുവദിക്കുന്നതിനും, നികുതി പിരിവ് ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് ബാധ്യതയുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഇല്ലാതെ ഉദ്യോഗസ്ഥ നിയന്ത്രണത്തിൽ മാത്രമാണ് നഗരസഭയുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. നഗരസഭയുടെ ധനസ്ഥിതിയെ ബാധിക്കുന്ന അപാകതകൾ

പോലും പരിഹരിക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയോ ഭരണസമിതിയുടെയോ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് കാണുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ, ഭേദഗതി ഉത്തരവുകൾ എന്നിവ പ്രകാരം വൈക്കം നഗരസഭയിലെ വസ്തുനികുതിപരിഷ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, നഗരസഭയിലെ ആകെ കെട്ടിടങ്ങൾ, കെട്ടിടങ്ങളുടെ നമ്പറിംഗ് പൂർത്തീകരിച്ചതിന്റെ വിവരം, സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് നോട്ടീസ് നൽകിയ കെട്ടിടങ്ങളുടെ വിവരം, 1993-94ലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി (ബേസ് ഡേറ്റാ) സഞ്ചയയിൽ പൂർത്തിയാക്കിയതിന്റെയും വിവരം, ഇവയിൽ ഫോറം 6 ജനറേറ്റ് ചെയ്ത് ഡിജിറ്റൽ സൈൻ ചെയ്ത കെട്ടിടങ്ങളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.7(1)) 2011- ലെ വസ്തുനികുതിപരിഷ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ പ്രദേശത്തെ മൂന്നായി തിരിച്ച് അതിർത്തി നിർണ്ണയം നടത്തുകയും തുടർ നടപടികൾ സ്വീകരിച്ച് ഫോം 6 തയ്യാറാക്കുന്നതിനായി ജീവനക്കാരെ നിയമിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. കേരളത്തിലെ 95% ത്തിലധികം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും വസ്തു നികുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന വൈക്കം നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമാക്കാത്തതുമൂലം തനത് വരുമാനത്തിൽ ഭീമമായ നഷ്ടമുണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. സമയബന്ധിതമായി വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് നഗരസഭാ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 2-7 വാടക/ലേലം പിരിവിലെ അപാകതകൾ

2017-18 വർഷത്തെ വാടക, ലേലം പിരിവിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)<u>വാടക പൂർണ്ണമായും ഈടാക്കിയില്ല</u>**

താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | മുറി | വാടകക്കാരന്റെ പേര് | 17-18 വർഷത്തെ നിരക്ക് (വാടക +സർവ്വീസ് ടാക്സ്) | ഈടാക്കാത്ത മാസങ്ങൾ | നഷ്ടം | |
|---|---|---|---|---|---|---|
| | | | | | വാടക | സർവ്വീസ് ടാക്സ് |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 17 | യു ഉലഹന്നാൻ | 1342 + 242 | 4/17-3/18 | 16104 | 2899 |
| 2 | കച്ചേരിക്കവല | എം.പി രമണൻ | 1789 + 322 | 1/18-3/18 | 5367 | 966 |

| | | | | | | |
|---|---|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 18 | | | | | |
| 3 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 1 | സീനാ ഷാജി, വല്ലൂത്തറ | 1063 + 191 | 4/17-3/18 | 12756 | 2292 |
| 4 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 3 | കെ.വി ഷാജി, കോട്ടപ്പള്ളി. | 935 + 168 | 4/17-3/18 | 11220 | 2016 |
| 5 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 5 | സെക്രട്ടറി വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ (AITUC) | 212 + 38 | 4/17-3/18 | 2544 | 456 |
| 6 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 1 | സീനാ ഷാജി, വല്ലൂത്തറ | 4535 + 816 | 4/17-3/18 | 54420 | 9792 |
| 7 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 4 | അജിമോൻ, മുട്ടത്താഴത്ത് | 1307 + 235 | 4/17-3/18 | 15684 | 2820 |
| 8 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 7 | മാനേജർ, കെ.പി.ബി.ഒ.എ | 303 + 55 | 3/18 | 303 | 55 |
| 9 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 9 | ഗൗരി കൊച്ചനിയൻ, മുട്ടത്താഴത്ത് | 501 + 90 | 4/17-3/18 | 6012 | 1080 |
| 10 | ബസ് സ്റ്റാന്റ് ഓഫീസ് കോംപ്ലക്സ്, ഗ്രൗണ്ട് ഫ്ലോർ റൂം നമ്പർ 5 | മുഹമ്മദ് നിസ്സാർ, കച്ചേരിത്തറയിൽ | 865 + 130 | 1/18-3/18 | 2595 | 390 |
| 11 | ബസ് സ്റ്റാന്റ് ഓഫീസ് കോംപ്ലക്സ്, ഗ്രൗണ്ട് ഫ്ലോർ റൂം നമ്പർ 6 | പ്രസിഡന്റ്, കെ.പി.ബി.ഒ.എ | 331 + 60 | 3/18 | 331 | 60 |
| 12 | ബസ് സ്റ്റാന്റ് ഓഫീസ് കോംപ്ലക്സ്, ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 3 | മുഹമ്മദ് നിസ്സാർ, കച്ചേരിത്തറയിൽ | 1154 + 208 | 3/18 | 1154 | 208 |
| 13 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 1 | ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 773 + 139 | 12/17-3/18 | 3092 | 556 |
| 14 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം | ഹെഡ് ലോഡ്ആന്റ് | 773 + 139 | 10/17-3/18 | 4638 | 834 |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ 2 | ജനറൽ മസ്ദൂർ സംഘം | | | | |
| 15 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 1 | ലക്ഷ്മിക്കുട്ടിയമ്മ, ബാബുസദനം | 3144 + 566 | 4/17-3/18 | 37728 | 6792 |
| 16 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 2 | നടേശൻ, മഴവഞ്ചേരിൽ | 3144 + 566 | 4/17-3/18 | 37728 | 6792 |
| 17 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ7 | പ്രിൻസ്, കറുത്തേടത്ത് | 4055 + 730 | 1/18-3/18 | 12165 | 2190 |
| 18 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 8 | മോനിഷ കെ.എം കോനാരിൽ | 3144 + 566 | 4/17-3/18 | 37728 | 6792 |
| 19 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 12 | ലക്ഷ്മിക്കുട്ടിയമ്മ, ബാബുസദനം | 3144 + 566 | 4/17-3/18 | 37728 | 6792 |
| 20 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 26 | സെക്രട്ടറി, വൈക്കം ടൗൺ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | 4200 + 756 | 2/18-3/18 | 8400 | 1512 |
| 21 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 36 | പ്രസിഡന്റ്, പ്രസ്സ് ക്ലബ് | 1213 + 218 | 4/17-3/18 | 14556 | 2616 |
| 22 | ദളവാക്കുളം ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന | സെക്രട്ടറി നഗരശ്രീ കുടുംബശ്രീ | 3000+ 540 | 1/18-3/18 | 9000 | 1620 |
| 23 | അക്വേറിയത്തിന് സമീപം | സെക്രട്ടറി കുടുംബശ്രീ | 3000+ 540 | 7/17-3/18 | 27000 | 4860 |

ക്രമ നമ്പർ 3,4,6,7 ൽ പരാമർശിക്കുന്ന വാടകക്കാരുമായി വർഷങ്ങളായി വാടക സംബന്ധമായി കേസ് നടന്നുവരുകയാണെന്നും ആയതിന്റെ തീർപ്പിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3) സെക്രട്ടറി നൽകിയ മറുപടി. മേൽ വാടകക്കാരിൽ നിന്ന് പ്രതിവർഷം നിശ്ചിത നിരക്കിൽ വാടക വർദ്ധനവ് വരുത്തി കുടിശ്ശികയായ കാലയളവുമുതൽ നാളിതുവരെയുള്ള വാടകതുക പലിശ സഹിതം

ഈടാക്കേണ്ടതാണ്. മറ്റ് വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കിവരുകയാണെന്നും കുടിശ്ശിക പൂർണ്ണമായും ഈടാക്കിയശേഷം വിവരം അറിയിക്കാമെന്നുമാണ് മറുപടി ലഭിച്ചത്. കുടിശ്ശിക തുകകൾ പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) <u>മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം- 17800 രൂപ കുടിശ്ശിക.</u>

മുനിസിപ്പൽ വസ്തുക്കളിലെ മേലാദായം ശ്രീ മനോജ് റ്റി.വി. തലവടിച്ചിറ എന്ന വ്യക്തി 26700 രൂപയ്ക്ക് ലേലം കൊണ്ടു. 12.7.2017 ൽ ടിയാൻ 8900 രൂപ നഗരസഭാഫണ്ടിൽ ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയായ 17800 രൂപ ഈടാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല. തുക ഈടാക്കിയശേഷം വിവരം അറിയിക്കാമെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

സി) <u>ടാക്സി സ്റ്റാന്റ് ഷോപ്പ് മുറി - തുടർ നടപടികളായില്ല</u>

ടാക്സി സ്റ്റാന്റ് ഷോപ്പ് മുറി മുൻ വർഷങ്ങളിൽ ശ്രീമതി യഹിയ റാവുത്തർ, ഷീബാമൻസിൽ എന്നയാൾക്ക് 3157 + 458 രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ തൻവർഷം ടി ഷോപ്പ് വാടകയ്ക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല. ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് ടിയാൾക്കെതിരെ കേസ് നടക്കുകയാണെന്നാണ് മറുപടി ലഭ്യമായത്. തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഡി)<u>വാടക നിശ്ചയിക്കാതെ മുറികൾ അനുവദിച്ചു</u>

മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 16,17 എന്നിവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിനും റൂം നമ്പർ 29,30 എന്നിവ വൈക്കം കൃഷിഭവനും വാടകയ്ക്ക് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക ഈടാക്കിയതായി കാണുന്നില്ല. വാടക ഒഴിവാക്കി നൽകിയതുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനമുള്ളതായും കാണുന്നില്ല. അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കാമെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>ഇ)ജോയിന്റ് ആർ.റ്റി.ഓഫീസ്- വാടകയുടെ ഭാഗമായ ജി.എസ്.റ്റി അടച്ചിട്ടില്ല</u>

ബസ് സ്റ്റാന്റ് ഓഫീസ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോർ റൂം നമ്പർ 2 ജോയിന്റ് ആർ.റ്റി.ഒയ്ക്ക് 11299 + 2034 രൂപ പ്രതിമാസ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ 135588 രൂപ മാത്രം തൻവർഷം അടച്ചതായിട്ടാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ആകെ അടക്കേണ്ട തുക-135588+24408=159996

തൻവർഷം അടച്ചതുക-135588

ബാലൻസ്-24408

ആർ.റ്റി ഓഫീസിൽ നിന്ന് ജി.എസ്.റ്റി ഇനത്തിലുള്ള തുക ലഭിക്കുന്നില്ലെന്നും ജി.എസ്.റ്റി ആർ.റ്റി ഓഫീസിന് ബാധകമല്ലെന്നുമാണ് ജോയിന്റ് ആർ.റ്റി.ഒ മറുപടി നൽകിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ്

ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി.എസ്.റ്റി ഇനത്തിലുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എഫ് ) <u>ടൗൺഹാൾ വാടക – നാളിതുവരെ ഈടാക്കിയില്ല</u>

ഫയൽ നമ്പർ 4869/14

വൈക്കം നഗരസഭ വക ടൗൺഹാളിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ബാർ അസ്സോസിയേഷൻ, ക്ലർക്ക് അസ്സോസിയേഷൻ, താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി എന്നിവയുടെ ഓഫീസുകളും ഫസ്റ്റ് ഫ്ലോറിൽ മജിസ്ട്രേറ്റ് കോടതിയും സെക്കന്റ് ഫ്ലോറിൽ മുനിസിഫ് കോടതിയും 19.1.17 മുതൽ 15.5.18 വരെ താൽക്കാലികമായി പ്രവർത്തിച്ചു. എന്നാൽ മേൽ പരാമർശിത കാലയളവിലെ വാടക നാളിതുവരെ ഈടാക്കിയില്ല. ടൗൺഹാൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ്, ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് തുടങ്ങിയ വസ്തുതകൾ റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്നതിന് കാലതാമസം നേരിട്ടതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. രേഖകളുടെ അഭാവത്തിൽ പി.ഡബ്ല്യൂ.ഡി യിൽ നിന്നും വാടകയുടെ നിരക്ക് നിർണ്ണയിക്കാനും സാധിച്ചില്ല. വാടക നിശ്ചയിച്ച് നൽകാൻ സെക്രട്ടറി 24.3.18 ന് R3 4269/14 നമ്പർ കത്തിലൂടെ ഓർമ്മക്കുറിപ്പ് നൽകി. കെട്ടിടത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്, ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ്, പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ സ്റ്റാഫ് സ്റ്റെങ്ങ്ത് എന്നിവ 12.4.18 ലെ ബി.വി 374/16 നമ്പർ കത്തിലൂടെ പി.ഡബ്ല്യൂ.ഡി ആവശ്യപ്പെട്ടു. ആയത് 19.4.18 ന് സെക്രട്ടറി പി.ഡബ്ല്യൂ.ഡി ക്ക് നൽകിയിട്ടുണ്ട് (കത്ത് നമ്പർ R3 4869/16). എന്നാൽ നാളിതുവരെ വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. 15.5.18 ന് കോടതി പ്രവർത്തനമൊഴിഞ്ഞതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ ലഭിക്കേണ്ട ഭീമമായ തുക നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാൻ സാദ്ധ്യതയുണ്ട്. സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുടർ നടപടികളിലൂടെ പി.ഡബ്ല്യൂ.ഡിയിൽ നിന്ന് നിരക്ക് നിശ്ചയിപ്പിച്ച് അടിയന്തിരമായി വാടക ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിലേക്ക് നഗരസഭാ ഭരണസമിതിയുടെ അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതാണ്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ജി)<u>മുനിസിപ്പൽ ലോഡ്ജ്-ഭീമമായ തുക കുടിശ്ശിക</u>

**(ഫയൽ നമ്പർ R3 -505/15)**

215000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ.എം.പി. മധുസൂദനൻ, മഴവഞ്ചേരിൽ എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 71667 രൂപ 2016-17 ൽ അടവാക്കി. 9.9.2016 മുതൽ ആദ്യ വർഷം 215000 രൂപയും പിന്നീടുള്ള വർഷങ്ങളിൽ ഓരോ വർഷവും കൗൺസിൽ തീരുമാനിക്കുന്ന വാർഷിക വർദ്ധനവിനനുസരിച്ച് 3 വർഷത്തേക്ക് ടിയാന് വാടകയ്ക്ക് നൽകാനുമായിരുന്ന കൗൺസിൽ തീരുമാനം (31.3.15 ലെ 1). 9.9.2017 മുതൽ 225750 രൂപയാണ് കരാർ തുക(5% വർദ്ധന).

മുൻ വർഷങ്ങളിൽ ലോഡ്ജ് ലേലം കൊണ്ടിരുന്ന ശ്രീ അജി തൈലംകണ്ടത്തിൽ എന്നയാളുമായി വാടക ഒടുക്ക് സംബന്ധിച്ച് തർക്കം ഉണ്ടാകുകയും കോടതി വ്യവഹാരത്തിലേക്ക് നീളുകയും ചെയ്തതിനാൽ 2010-11 മുതൽ ലോഡ്ജ് ലേലം നടന്നിരുന്നില്ല. 2015-16 വർഷത്തിൽ ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ഓഫർ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിലാണ് ശ്രീ.എം.പി.

മധുസൂദനന് കരാർ നൽകിയത്. ലോഡ്ജിന്റെ സുഗമമായ നടത്തിപ്പിന് അടിയന്തിര അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതിനാൽ ടിയാൻ കൗൺസിൽ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. 20.7.16 ലെ കൗൺസിലിന്റെ 15 നമ്പർ തീരുമാനപ്രകാരം ലോഡ്ജിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ കരാറുകാരനെ തന്നെ ചുമതലപ്പെടുത്തുകയും ചെലവ് ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക നൽകാനോ വാടകയിൽ തട്ടിക്കിഴിക്കാനോ തീരുമാനിച്ചു. കരാറുകാരൻ 302984 രൂപയുടെ പ്രവൃത്തി ലോഡ്ജിൽ നിർവ്വഹിച്ചതായി 7.7.2017ൽ മുനിസിപ്പൽ എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കാൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനോട് ശുപാർശചെയ്തിട്ടുമുണ്ട്. R3 5000/14 തീയതി 8.6.18 നമ്പർ കത്ത് പ്രകാരം നാളിതുവരെ വാടക, ജി.എസ്.റ്റി, പിഴപ്പലിശ ഇനങ്ങളിലായി 432115 രൂപ അടവാക്കാനാവശ്യപ്പെട്ട് നഗരസഭ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. തനിക്ക് ചെലവായ തുക വാടകകുടിശ്ശികയിൽ തട്ടിക്കിഴിച്ച ശേഷം ബാക്കി തുക അടവാക്കാൻ സന്നദ്ധനായി 31.7.18 ൽ കരാറുകാരൻ നഗരസഭയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാന് ചെലവായ തുക വാടകയിൽ തട്ടിക്കിഴിക്കുകയോ സമയബന്ധിതമായി ടിയാനിൽ നിന്ന് വാടക ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്യാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25), വിഷയം കൗൺസിലിന്റെ പരിഗണനയിലാണെന്നുള്ള മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വാടക കുടിശിക പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

# 2-8 പാഴ് വസ്തുക്കൾ ലേലം ചെയ്ത് മുതൽ കൂട്ടുന്നില്ല

സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന, ശമ്പളവിതരണത്തിനുപോലും ബുദ്ധിമുട്ടുന്ന നഗരസഭ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യമായ മാർഗ്ഗങ്ങൾപോലും വേണ്ടവിധം ഉപയോഗിക്കുന്നില്ല. വായനശാലയിലേക്കായി വാങ്ങുന്ന പ്രതിദിന, പ്രതിവാര, പ്രതിമാസ പ്രസിദ്ധീകരണങ്ങളുടെ ശേഖരം ലേലം ചെയ്യപ്പെടാതെ ചിതൽ എടുക്കുന്ന സ്ഥിതിയിലാണ്. നഗരസഭ വക ക്രിമറ്റോറിയത്തിൽ പുതിയ പുകക്കുഴൽ സ്ഥാപിച്ചപ്പോൾ പഴയ പുകക്കുഴൽ ഉപയോഗമില്ലാതെയായി. എന്നാൽ ടി പുകക്കുഴൽ തുരുമ്പെടുക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. നഗരസഭ വക പാർക്കിൽ പുതിയ കളിയുപകരണങ്ങൾ സ്ഥാപിച്ചപ്പോൾ പഴയ കളിയുപകരണങ്ങൾ എടുത്ത് മാറ്റിയിട്ടുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആയവ നഗരസഭ വക ഡംബിംഗ് യാർഡിൽ സംരക്ഷണമില്ലാതെ ചിതറിക്കിടക്കുന്ന സ്ഥിതിയിലാണെന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യമായി. കൂടാതെ നഗരസഭ കോമ്പൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്ന ടില്ലർ, പെട്ടിക്കടകളുടെ ഇരുമ്പ് പാളികൾ തുടങ്ങി നിരവധി പാഴ് വസ്തുക്കൾ തുരുമ്പെടുക്കുന്ന സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞവ ലേലം ചെയ്ത് മുതൽ കൂട്ടി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

# 2-9 ഡി & ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്

നഗരസഭ പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളിൽനിന്നും ഡി& ഒ ലൈസൻസ് ഫീസ് പിരിക്കുന്നതിന് നഗരസഭ ജാഗ്രതകാണിക്കുന്നില്ല. രേഖകൾ പരിശോധിച്ചതിൽ 2016-17 വർഷം 1071 വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് നേടിയിരുന്നു. 2017-18 വർഷം 69 സ്ഥാപനങ്ങൾ പുതുതായി

ലൈസൻസ് നേടിയിട്ടുള്ളതായി രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം 2017-18 വർഷം 1140 സ്ഥാപനങ്ങളാണ് ലൈസൻസ് നേടേണ്ടിയിരുന്നത്. എന്നാൽ 1109 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷത്തിൽ ലൈസൻസ് സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നവയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം കൃത്യസമയത്ത് അടവാക്കുന്നില്ല- നഗരസഭയ്ക്ക് പെനാൽറ്റിയിനത്തിൽ സാമ്പത്തിക ബാദ്ധ്യത

ഫയൽ നം -4540/11

നഗരസഭയിലെ അഞ്ചു സി എൽ ആർ വിഭാഗത്തിൽ പെട്ട ജീവനക്കാർക്കായി നഗരസഭ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കുന്നുണ്ട്. 2016-17 വർഷം വിവിധ വൗച്ചറുകൾ പ്രകാരം 175119 രൂപ ഈയിനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും നിയമപ്രകാരമുള്ള സമയക്രമം പാലിച്ചല്ല തുക അടയ്ക്കുന്നത്. 1952 ലെ ഇ പി എഫ് നിയമം അനുസരിച്ച് ഒരു മാസം അവസാനിക്കുന്നതിന് 15 ദിവസത്തിനകം ജീവനക്കാരുടെ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് വിഹിതം അടവാക്കേണ്ടതുണ്ട്. ജീവനക്കാരുടെ 24/09/2014 മുതൽ 31/03/18 വരെയുള്ള ഇ പി എഫ് വിഹിതം കൃത്യസമയം അടവാക്കാഞ്ഞതിന് 1952 ലെ ഇ പി എഫ് നിയമം സെക്ഷൻ 14Bഅനുസരിച്ച് അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് കമ്മീഷനറുടെ 11/05/2018 ലെ KR/KTM0020677/000/Emf 501/ damages നമ്പർ നോട്ടീസ് പ്രകാരം 53182 രൂപ കുടിശികയും 27521 രൂപ ഫൈനുമുൾപ്പെടെ 80703 രൂപ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം അടയ്ക്കുന്നതിന് നഗരസഭയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടിസിന്മേൽ കാലതാമസം ആവശ്യപ്പെട്ട് നഗരസഭ നേരിൽ ഹാജരായെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല. ഇ.പി.എഫ് തുക യഥാസമയം അടവാക്കാഞ്ഞതിനാൽ റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷനറുടെ 11.6.15 ലെ KR/KTM/20677/APFC/Peenal damage/2015 നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷം 4933 രൂപ അടച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള സമയപരിധി പാലിച്ച് എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് വിഹിതം അടവാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതും സാമ്പത്തിക ബാധ്യത ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

# 3-2 വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകതകൾ- അക്കൗണ്ടന്റ് ചുമതല കൃത്യമായി നിർവ്വഹിച്ചില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം നഗരസഭയിലെ എല്ലാ ഇടപാടുകളും ഒരു വൗച്ചറിൽ രേഖപ്പെടുത്തണമെന്നും, ചട്ടം 9(2) പ്രകാരം അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ വൗച്ചറുകൾ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ വൗച്ചറുകൾ ഇടപാടുകളെ അധികൃതമാക്കുന്ന അനുബന്ധ രേഖകളുടെ ആമുഖ പത്രം ആകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം മുനിസപ്പൽഫണ്ടിൽ നിന്നും നടത്തിയ പല ചെലവുകൾക്കും വൗച്ചർ സൂക്ഷിച്ചിട്ടില്ലാത്തതും വൗച്ചറുകൾ ഉള്ളവക്ക് കൈപ്പറ്റ് രസീതുകൾ, തുക കൈമാറിയതിന്റെ രേഖകൾ, വിനിയോഗവിശദാംശങ്ങൾ മുതലായ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/7.2.2019) ചെലവ് രേഖകകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1. 2017-18 വർഷം വിവിധ മാസങ്ങളിലായി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ പി.എഫ്, ജി.ഐ.എസ്, എസ്.എൽ.ഐ., എൽ.ഐ.സി. എന്നീ റിക്കവറികൾ അടയ്ക്കാൻ തുക പിൻവലിച്ചിട്ടുണ്ടെങ്കിലും തുക അതാത് ശീർഷകത്തിൽ അടവാക്കിയതിന്റെ രസീതുകൾ/ ചെലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
2. താഴെപറയുന്ന വൗച്ചറുകൾ പ്രകാരം മുനിസിപ്പൽ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

| വൗച്ചർ നമ്പർ | തുക | ആവശ്യം |
|---|---|---|
| 9/11-17 | 24792 | കറണ്ട് ചാർജ് അടയ്ക്കുന്നതിന് പിൻവലിച്ച തുക |
| 16/11-17 | 17906 | ഇൻഷുറൻസ് അടയ്ക്കുന്നതിന് പിൻവലിച്ച തുക |
| 19/11-17 | 45003 | ജീവനക്കാരുടെ 9/17, 10/17 എന്നീ മാസങ്ങളിലെ LIC റിക്കവറി അടയ്ക്കുന്നതിന് പിൻവലിച്ച തുക |
| 39/11-17 | 35434 | പെട്രോൾ ചാർജ് അടയ്ക്കുന്നതിന്പിൻവലിച്ച തുക |
| 51/11-17 | 7000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ദിനാഘോഷത്തിന് ചെലവഴിച്ച തുക |
| 56/11-17 | 28904 | വിമുക്തി പദ്ധതിക്കായി ശ്രീമതി സന്ധ്യ ശിവന് നൽകിയ തുക |
| 21/1-18 | 46073 | ജീവനക്കാരുടെ 9/17, 10/17 എന്നീ മാസങ്ങളിലെ LIC റിക്കവറി അടയ്ക്കുന്നതിന് പിൻവലിച്ച തുക |
| 16/2-18 | 16447 | ഫോട്ടോസ്റ്റാറ്റ് മെഷീൻ റിപ്പയർ പിൻവലിച്ച തുക |
| | | |

| | | |
|---|---|---|
| 28/2-18 | 245517 | പി എഫ് റിക്കവറി അടയ്ക്കുന്നതിന് പിൻവലിച്ച തുക |
| 10/3-18 | 28944 | പെട്രോൾ ചാർജ് അടവാക്കുന്നതിന് പിൻവലിച്ച തുക |
| 19/3-18 | 13500 | ബൊലേറോ ജീപ്പ് ടയർ റിപ്പയർ ചെയ്യുന്നതിന് പിൻവലിച്ച തുക |
| 31/3-18 | 23000 | അഷ്ടമി ചെലവ് |
| 39/3-18 | 139223 | ഇൻകം ടാക്സ് റിക്കവറി അടയ്ക്കുന്നതിന് പിൻവലിച്ച തുക |

ഓരോ മാസത്തെയും ചെലവുകൾ അംഗീകരിക്കുന്ന സമയത്ത് വൗച്ചറുകൾ ക്രമീകരിച്ച് അനുബന്ധ രേഖകൾ സഹിതം സൂക്ഷിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്

# 3-3 കണ്ടിജന്റ് വിഭാഗക്കാരുടെ യൂണിഫോം വിതരണം-തയ്യൽ കൂലി ഇനത്തിൽ 2000 രൂപ അധികം നല്കി

2016-17 വർഷത്തെ കണ്ടിജന്റ് വർക്കർമാരുടെ യൂണിഫോം (13പുരുഷന്മാർക്കും 1 സ്ത്രീക്കുമുള്ള യൂണിഫോം) ക്വട്ടേഷൻ ക്ഷണിച്ച് ആനറ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ എച്ച് 1- 6168/16 നമ്പർ ഫയൽ സൂക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം, 4 യൂണിഫോം തയ്ക്കുന്നതിന് ഒരു പുരുഷന് 2000/- രൂപയും ഒരു സ്ത്രീക്ക് 500 രൂപയും ആണ് നല്കുന്നത്. ആയതിനാൽ 13പുരുഷന്മാർക്കും 1 സ്ത്രീക്കുമുള്ള യൂണിഫോം തയ്ക്കാൻ ആകെ ചെലവ് വരുന്ന തുക 26500/- (13x2000+1x500) ആണ്.

തയ്യൽ കൂലി ഇനത്തിൽ തുക വിതരണം ചെയ്യുന്നതിനായി ചെക്ക് നം. 773245/07.06.17 പ്രകാരം 28500/-രൂപ പിൻവലിച്ചിട്ടുണ്ട്. ടി ഫയലിൽ, തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 26500/- രൂപ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്.

ആയതിനാൽ, അധികം പിൻവലിച്ച തുക (2000രൂപ) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-4 ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല

2017-18 വർഷം നഗരസഭാ ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്കായി നൽകിയ ചുവടെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാതെ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ | തീയതി | മുൻകൂർ കൈപ്പറ്റിയ | ആവശ്യം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | ജീവനക്കാരൻ | | |
| 1 | 12/06/17 | ശ്രീ.T.K.രാജു<br>ഓവർസീയർ | ബൊലേറോ ജീപ്പ് സർവ്വീസ് ചെയ്യുന്നതിന് | 9647 |
| 2 | 22/07/17 | ശ്രീ.T.K.രാജു<br>ഓവർസീയർ | ടൗൺ ഹാൾ മെയിന്റനൻസ് ചെയ്യുന്നതിന് | 25000 |
| 3 | 11/08/2017 | ശ്രീമതി. ഷീനാമോൾ JHI II | സ്വാതന്ത്ര്യദിനാഘോഷത്തിന് | 5000 |
| 4 | 05.10.17 | ശ്രീമതി സന്ധ്യ ശിവൻ<br>JHI II | പുല്ലുവെട്ടിയന്ത്രം നന്നാക്കുന്നതിന് | 3000 |
| 5 | 29/11/17 | ശ്രീ.T.K.രാജു<br>ഓവർസീയർ | ടിപ്പർ ലോറി നന്നാക്കുന്നതിന് | 13000 |
| 6 | 7/12/17 | ശ്രീ.T.K.രാജു<br>ഓവർസീയർ | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിങ്ങ് | 25000 |
| 7 | 9.1.18 | ശ്രീ.T.K.രാജു<br>ഓവർസീയർ | വാട്ടർ കണക്ഷൻ എടുക്കുന്നതിന് | 14000 |
| 8 | 23.1.18 | ശ്രീ.K.C.ഷാജി, ക്ലർക്ക് | റിപ്പബ്ലിക്ക് ദിനാഘോഷത്തിന് | 20000 |
| 9 | 7.2.18 | ശ്രീ.T.K.രാജു<br>ഓവർസീയർ | എത്യോസ് കാർ റിപ്പയറിങ്ങ് | 7000 |
| 10 | 22.2.18 | ശ്രീ. നിഷാദ് സൂപ്രണ്ട് | RJD മീറ്റിങ്ങിൽ പങ്കെടുക്കുന്നതിന് നൽകുന്ന തുക | 2000 |
| 11 | 16.03.18 | ശ്രീ.K.C.ഷാജി,ക്ലർക്ക് | ടൂറിസം പ്രമോഷൻ | 10000 |
| 12 | 22.03.18 | ശ്രീ. ദിലീപ് വാസു,<br>സീനിയർ ക്ലർക്ക് | ഫാൻ വാങ്ങുന്നതിന് | 3000 |
| | ആകെ | | | 136647 |

ധനകാര്യവകുപ്പിന്റെ 4.10.2011-ലെ 419/2011/ധന നമ്പർ ഉത്തരവുപ്രകാരം മുൻകൂറായി കൈപ്പറ്റുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ തീയതി മുതൽ തിരിച്ചടക്കുന്നതുവരെയുള്ള കാലയളവിലേക്ക് 18% പലിശ കണക്കാക്കി മുഴുവൻതുകയും പലിശസഹിതം ഈടാക്കേണ്ടതുമാണ്.

ക്രമീകരിക്കുവാൻ അവശേഷിക്കുന്ന 136647- രൂപ 18% പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ

അന്വേഷണക്കുറിപ്പിന് (നം. 10/7.2.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന 136647 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-5 അസൽ രസീതില്ലാതെ ഡെപ്പോസിറ്റ് തിരികെ നൽകി- 4,22,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ഡെപ്പോസിറ്റുകൾ തിരികെ നൽകിയത് അസൽ രസീതില്ലാതെയാണ്.

| വൗച്ചർ നം | തുക | വിശദാംശങ്ങൾ |
|---|---|---|
| 56/3-18/ 22.03.18 | 200000 | ശ്രീ.വേണുഗോപാൽ,ഷോപ്പിങ്ങ് കോംപ്ലക്സ് റൂം 28 ന്റെ സെക്യൂരിറ്റി നിക്ഷേപം തിരികെ നല്കാൻ പിൻവലിച്ച തുക |
| 41/3-18/ 14.03.18 | 10000 | മുനിസിപ്പൽ പാർക്ക് ഐസ്ക്രീം ലേലത്തിൽ പങ്കെടുത്ത കാസ്ട്രോയുടെ ഇ എം ഡി തിരികെ നല്കാൻ പിൻവലിച്ച തുക |
| 17/3-18/ 1.03.18 | 200000 | ഷോപ്പിങ്ങ് കോംപ്ലക്സ് റൂം 38 ന്റെ സെക്യൂരിറ്റി നിക്ഷേപം ശ്രീമതി സുജാത രവീന്ദ്രന് തിരികെ നല്കാൻ പിൻവലിച്ച തുക |
| 17/2-18/ 7.02.18 | 1000 | ഇന്റർകോം ഇൻസ്റ്റലേഷന്റെ ഇ എം ഡി തിരികെ നല്കാൻ പിൻവലിച്ച തുക |
| 38/12-17/ 4.12.17 | 1000 | പല്ലവി കാല്ലക്കലിന്റെ സെക്യൂരിറ്റി നിക്ഷേപം തിരികെ നല്കാൻ പിൻവലിച്ച തുക |

അസൽ രസീതില്ലാതെ നിക്ഷേപങ്ങൾ മടക്കി നൽകിയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/7.2.2019) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പരാമർശിത വൗച്ചറുകൾ പ്രകാരമുള്ള 4,22,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 3-6 പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ബിൻ വാങ്ങുന്ന പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 6 /18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ, വൈക്കം നഗരസഭ. |
| ചെലവ് | Rs. 490200/- (2017-18)-<br>1) ബിൽ നം. 22/31.8.2017 തുക 3,44,000/-<br>2) ബിൽ നം. 23/31.8.2017 തുക 1,46,200/- |

നഗരസഭയുടെ വിവിധ വാർഡുകളിൽ ബിന്നുകൾ സ്ഥാപിക്കുന്നതിനും, അവ പൂട്ടി സൂക്ഷിക്കുന്നതിനും, എല്ലാ ആഴ്ചയിലും നിശ്ചിത സമയം പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന്

തുറന്നുകൊടുക്കുന്നതിനും, നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുകയുമായിരുന്നു പ്രോജക്റ്റ് ലക്ഷ്യം.

പദ്ധതി പ്രകാരം മെസ്സേഴ്സ് ടാലന്റ് എന്റർപ്രൈസസ്, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിൽ നിന്നും 3800/- രൂപ നിരക്കിൽ 129 ബിന്നുകൾ വാങ്ങിയതിന് 490200/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 ൽ വാങ്ങിയ 35 എണ്ണം ഉൾപ്പെടെ 164 ബിന്നുകൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

ബിന്നുകൾ ഏതൊക്കെ വാർഡിലാണ് സ്ഥാപിച്ചത്, ബിന്നുകൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും നിക്ഷേപിച്ച മാലിന്യം നീക്കം ചെയ്യുന്നതിനും, സംസ്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 12/7.2.2019) വാങ്ങിയ 164 ബിന്നുകളിൽ 152 എണ്ണം വിവിധ വാർഡുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ടെന്നും ബാക്കി 12 എണ്ണം നഗരസഭ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ബിന്നുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കൊട്ടകപ്പടിയിൽ കാളിയമ്മനട ക്ഷേത്രത്തിന് സമീപം സ്ഥാപിച്ച ബിൻ പൂട്ടിക്കിടക്കുകയും പൂട്ടുകൾ തുരുമ്പെടുത്ത നിലയിലുമാണ്. നഗരസഭ കൗൺസിൽഹാളിന് സമീപത്ത് ഒരു ബിൻ സ്ഥാപിച്ചിട്ടുള്ളതിൽ ഭക്ഷണമാലിന്യം ഉൾപ്പെടെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ സമീപത്ത് വയോമിത്രം ഓഫീസിൽ 15ബിന്നുകൾ കൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. ഈ വിഷയം എക്സിറ്റ് മീറ്റിങ്ങിലവതരിപ്പിച്ചപ്പോൾ പ്ലാസ്റ്റിക്കിതര മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനാലാണ് ബിന്നുകൾ തുറന്ന് കൊടുക്കാത്തതെന്നും പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ബിന്നുകൾ തുറന്ന് നൽകുന്നതാണെന്നും അറിയിച്ചു.



**സ്ഥാപിക്കാതെ കൂട്ടിയിട്ടിരിക്കുന്ന ബിന്നുകൾ**




പൂട്ടിക്കിടക്കുന്ന ബിൻ

കൃത്യമായ പഠനം നടത്താതെയും, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയും ആവിഷ്കരിച്ചതിനാൽ പദ്ധതി നിലവിൽ ജനങ്ങൾക്ക് പ്രയോജനമില്ലാത്ത അവസ്ഥയിലാണ്. ബോധവൽക്കരണമുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 490200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തെരുവ്നായനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ABC പ്രോഗ്രാം- അധിക തുക ചെലവഴിച്ചു

നി.ഉദ്യോഗസ്ഥൻ - ഹെൽത്ത് ഇൻസ്പെക്ടർ, വൈക്കം നഗരസഭ.

പ്രോജക്ട് നമ്പർ-

ചെലവ് - Rs. 279200- (2017-18)

2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി നഗരസഭ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ 'നന്മ എ ബി സി കുടുംബശ്രീ'യുമായി 2016-17 വർഷം തന്നെ കരാറിൽ ഏർപ്പെട്ടു.(31/03/2017 ലെ KS/PLY/Puthupally/12/1നമ്പർ)കരാർ പ്രകാരം തെരുവ് നായ്ക്കളെപ്പിടിച്ച് വന്ധ്യംകരണ സെന്ററുകളിൽ എത്തിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി തിരിച്ച് വിടുന്നതിന് നായ ഒന്നിന് 1000 രൂപ സേവനപ്രതിഫലമായി 'നന്മ എ ബി സി കുടുംബശ്രീ' യൂണിറ്റിനും ശസ്ത്രക്രിയ നടത്തുന്നതിന് വെറ്ററിനറി സർജന് ശസ്ത്രക്രിയ ഒന്നിന് 300 രൂപ നിരക്കിലും അനുവദിക്കാമെന്നാണ് കരാർ വ്യവസ്ഥ. 56 നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന് പ്രസ്തുത നിരക്ക് പ്രകാരമാണ് തുക നൽകിയത്. പ്രോജക്ട് സ്പിൽ ഓവറായി നിർവ്വഹിച്ചപ്പോൾ 129 നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന് 1200 രൂപ വീതം കുടുംബശ്രീ യൂണിറ്റിനും 400രൂപ വീതം വെറ്ററിനറി സർജനും അനുവദിച്ചിട്ടുണ്ട്. 300 രൂപ വീതം ഒരു നായ്ക്ക് അധികം ചെലവഴിച്ചതിനാൽ 38700 രൂപ അധികച്ചെലവുണ്ടായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/7.2.2019) 5.5.2017 ലെ തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കാർ ഉത്തരവ് നമ്പർ (ആർ. റ്റി.)1450/17 തസ്വഭവ ഉത്തരവ് പ്രകാരം നായ് ഒന്നിന് നൽകാവുന്ന തുക 1200 ആയി ഉയർത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഉയർന്ന നിരക്ക് നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. 2016-17 വർഷം

തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രോജക്ട് പൂർത്തീകരണം വരെ ബാധകമാണ്. ആദ്യത്തെ കരാർ റദ്ദ് ചെയ്യാനോ പുതുക്കിയ കരാറിലേർപ്പെടാനോ നഗരസഭ തീരുമാനിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ 38700 രൂപ (129x200+129x100) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

# 3-8 കരാറുകാരന് നിർമ്മാണ പ്രവൃത്തികൾക്ക് അധിക തുക നൽകി

നഗരസഭയിൽ വിവിധ ഓാട നിർമ്മാണ പ്രവൃത്തികൾക്കും സൈഡ് ഡ്രയിൻ നിർമ്മിക്കുന്നതിനും യഥാർത്ഥത്തിൽ നൽകേണ്ട നിരക്കിനേക്കാൾ കൂടിയ നിരക്ക് നൽകിയതായി ഓാഡിറ്റിൽ കണ്ടെത്തി. ഡി എസ് ആർ സ്പെസിഫിക്കേഷൻ കോഡ് പ്രകാരമുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

| സ്പെസിഫിക്കേഷൻ | നൽകാവുന്ന നിരക്ക് $m^3$ | നൽകിയ നിരക്ക് $m^3$ |
|---|---|---|
| 11.4.1.1 providing concrete for plain/ reinforced concrete in open foundation complete as per drawings &technical specification Clauses 802,803,1202,1203 | 7725.57 | 8034.59 |
| 11.4.4 providing concrete for plain/reinforced concrete in open foundation complete as per drawing & technical specification Clauses 802,803,1202&1203 | 8686.54 | 9043.0 |

ഓടയിൽ ഏറ്റവും അടിഭാഗത്ത് കോൺക്രീറ്റ് ബെഡ് നിർമ്മിക്കുന്നതിനും, റോഡിന് ഇരുവശവും ഐറിഷ് ഡ്രയിൻ നിർമ്മിക്കുന്നതിനും യഥാർത്ഥത്തിൽ form work ആവശ്യമില്ല. എന്നാൽ താഴെ പ്രതിപാദിക്കുന്ന രീതിയിലുള്ള പ്രവൃത്തികളിൽ ഫോം വർക്കിന്റെ തുക കൂടി ഉൾപ്പെടുത്തി നിരക്ക് നിശ്ചയിച്ച് നല്കിയതിനാൽ അധിക തുക 14955.76/-രൂപ കരാറുകാരന് നല്കുകയുണ്ടായി. ഈ തുക ഈടാക്കി വിവരം ഓാഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ | എം ബുക്ക് നം& പേജ് നം. | ഇനം നിർവഹിച്ച അളവ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയതുക | ബിൽനം | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|
| 1 | so-262/18-പറപ്പള്ളിറോഡ് ഫുട്പാത്ത് കോൺക്രീറ്റിംഗ് & | 170000 | 46/17-6 | .91 | 7904.75 | 8220.94 | 316.04 | 137/18/ 22.3.18 | ശശിധരൻ കെ എൻ (കരാറുകാരൻ എറ്റെം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഓടക്ക് സ്ലാബിടൽ | | ഇനം-2 | | | | | | വൈസ് നിരക്കാണ് ക്വോട്ട് ചെയ്തത്) |
| 2 | so-131/17-മുട്ടത്തുവേലി റോഡിൽ ഓട നിർമ്മാണം | 460000 | 8/17-15 | 12.061m | 93177.25 | 96905.18 | 3727.93 | 89/18, 14.2.18 | കൃഷ്ണകുമാർ ജി |
| | | | 8/17-16 | 1.559 | 13542.31 | 14084.02 | 541.71 | | |
| 3 | 355/18-ബീച്ചിൽ ഡ്രയിനേജും പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണവും | 961503 | 67/17-10 | 5.416 | 46862.64 | 48744 | 1881.36 | 162/18, 29.3.18 | ജോജി ജോസഫ് |
| 4 | so-186/17-ഞെട്ടയിൽ റോഡിൽ ഐറിഷ് ഡ്രയിൻ നിർമ്മാണം | 130000 | 4/17-8 | 9.100 | 70302.05 | 73114.77 | 2812.72 | 79/18, 18.1.18 | കൃഷ്ണകുമാർ ജി |
| | | | 8 | 4.55 | 39523.75 | 41104.75 | 1580.99 | 1 | |
| 5 | so-272/18-കിളിയാന്തറ റോഡ് ഓട നിർമ്മാണം | 340000 | 11/17-12 | -11.405m3 | 88109.32 | 91634.49 | 3525.16 | 105/ 27.2.18 | ആർ ദിവാകരൻ |
| | | | 11/17-12 | 1.640m3 | 14245.92 | 14815.78 | 569.85 | | |
| | | | | | | | 14955.76 | | |

# 3-9 വഴിവിളക്കുകളുടെ എ.എം.സി.യും റിപ്പയറിംഗും - പദ്ധതി പണത്തിന്റെ പാഴ്ചെലവ്

| | |
|---|---|
| പ്രോജക്ട് നം. | 50/19 |
| അടങ്കൽ | 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 5,19,308/-(2018-19- 268674) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.അജിത് പ്രസാദ് |
| കരാർ | 169/17 27.06.17 |
| അളവ് പുസ്തകം | 99/17 |

വൈക്കം നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന വഴിവിളക്കുകളുടെ ആന്വൽ മെയിന്റനൻസിനും സ്ട്രീറ്റ്ലൈറ്റ് ഫിറ്റിംഗ് റിപ്പയറിംഗിനും 10,00,000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. ടെണ്ടർ നടപടികളിലൂടെ ശ്രീ.അജിത് പ്രസാദ് എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വിരുദ്ധത</u>

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DLTCE അംഗമായ ശ്രീ.പി.എൻ.നാരായണനാണ്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതായി കാണുന്നില്ല. നഗരസഭ പരിധിയിലുള്ള കെ.എസ്.ഇ.ബി. പോസ്റ്റുകളിലെ സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ്, കേടായ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഭാഗങ്ങൾ, ഫ്യൂസായ ബൾബുകൾ, സ്ട്രീറ്റ്ലൈറ്റുകളുടെ ഫിറ്റിംങ്സിന്റെ ട്യൂബുകൾ എന്നിവ ആവശ്യമുള്ളപ്പോൾ മെയിന്റനൻസ് നടത്തുന്നതിന് ഒരു വർഷത്തേയ്ക്ക് 4,10,000/- രൂപ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് തയ്യാറാക്കിയതാണ് എസ്റ്റിമേറ്റിന്റെ ഒന്നാം ഭാഗം. പ്രസ്തുത ഇനം താഴെ വിവരിക്കും പ്രകാരമാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| Quantity | Specification | Rate | Unit | Amount |
|---|---|---|---|---|
| 1 job | Maintenance of the existing street light fittings (ie, 1050 no.s Street light tube fittings, 340 no.s LED street light, 250 no.s S V lamps, 690 no.s, CF lights approximately) provided on KSEB post under the jurisdiction of Vaikom Municipality replacing damaged electrical and electronic control parts fused bulbs and tube fitting(for one year) | 4,10,000 | E | 7,50,000 |

1 വർഷത്തേയ്ക്കുള്ള കോൺട്രാക്ട് 4,10,000 രൂപ നിരക്കിൽ കണക്കാക്കുമ്പോൾ 7,50,000 രൂപ എന്ന് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയത് അവ്യക്തതയുള്ളതും സംഖ്യാപരമായ കൃത്യത പാലിക്കാത്തതുമാണ്. എ.എം.സി.യ്ക്ക് ഇപ്രകാരമുള്ള ഒരു സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

കേടായ വഴിവിളക്കുകളുടെ മെയിന്റനൻസ് എസ്റ്റിമേറ്റിന്റെ 2-ാം ഭാഗവും, എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും വർക്ക് സൂപ്പർവിഷനും, മെഷർമെന്റിനും ബിൽ തയ്യാറാക്കിയതിനുള്ള വേതനം എസ്റ്റിമേറ്റിന്റെ ഭാഗം മൂന്നുമാണ്. ഇതിൽ ഭാഗം 2ൽ ഉൾപ്പെട്ട ഇനങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും എപ്രകാരം കണക്കാക്കി എന്നതിനും വ്യക്തതയില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) <u>അധികനിരക്കിൽ തുക അനുവദിച്ചു</u>

ടി പ്രവൃത്തി ടെണ്ടർ നടപടികളിലൂടെ ഏറ്റെടുത്തത് ശ്രീ.അജിത്ത് പ്രസാദ് എന്ന കരാറുകാരനാണ് (0.001% below)

പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ ഒന്നാമത്തെ ഇനം നിർവ്വഹിച്ചു എന്ന് രേഖപ്പെടുത്തി ഓരോ നാലുമാസത്തിനും എ.എം.സി.യുടെ മൂന്നിലൊന്നു തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ 4,10,000

എന്ന നിരക്കിന്റെ മൂന്നിലൊന്നിനു പകരം 7,49,000 രൂപ നിരക്കിന്റെ മൂന്നിലൊന്നു തുകയാണ് കരാറുകാരന് അനുവദിച്ചത്. അതിനാൽ 3,39,000 രൂപ (749000-410000) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

**3) <u>കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല</u>**

നഗരസഭ മുൻസിപ്പൽ എഞ്ചിനീയറും കരാറുകാരനും ഏർപ്പെട്ട കരാർ പ്രകാരം (no. Nil dated 27.3.17)കരാറുകാരൻ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അംഗീകാരത്തോടെ വേണം തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടത്തേണ്ടത്. എന്നാൽ ഈ വ്യവസ്ഥ പാലിച്ചാണോ നിർവ്വഹണം നടത്തിയതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. അധികൃതരുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക അനുവദിച്ചത്.

4. **<u>സൂപ്പർവിഷൻ ചാർജ് അനുവദിച്ചത് അംഗീകരിക്കുന്നില്ല</u>**

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വർക്ക് സൂപ്പർവിഷനും മെഷർമെന്റിനും ബിൽ തയ്യാറാക്കുന്നതിനും 4% നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.2878/2015/എൽ.എസ്.ജി.ഡി. തീ.22.9.2015 പ്രകാരമാണ് 38,321 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, വർക്ക് സൂപ്പർവിഷനും, മെഷർമെന്റിനും, ബിൽ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവൃത്തി മെഷർ ചെയ്തതിനും ശ്രീ. പി.എൻ. നാരായണൻ, മെമ്പർ, DLTCE ക്ക് 22729 രൂപയും ശ്രീ. ഇ. എച്ച് മുഹമദ് ഇസ്മയിൽ ചെയർമാൻ DLTCE ക്ക് 7577 രൂപയും നൽകിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം പുതിയ വയറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി മെഷർ ചെയ്യുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനുമാണ് തുക അനുവദിക്കാവുന്നത്. നഗരസഭയിൽ ആകെയുള്ള തെരുവുവിളക്കുകളുടെ അടിസ്ഥാനത്തിൽ എ.എം.സി. തുക നിശ്ചയിക്കാവുന്നതാണ്. കേടായ തെരുവുവിളക്കുകളുടെ എണ്ണം കൗൺസിലർമാരിൽ നിന്നും മെയിന്റനൻസ് റിപ്പോർട്ട് കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി കെ.എസ്.ഇ.ബിയ്ക്ക് നിശ്ചിത തുക സൂപ്പർവിഷൻ ചാർജ് അടവാക്കി പ്രസ്തുത പ്രോജക്ട് നിർവ്വഹിക്കാവുന്നതാണ്. (നഗരസഭയുടെ സമീപങ്ങളിലുള്ള ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരമാണ് പ്രോജക്ട് നടപ്പാക്കുന്നത്) സാങ്കേതികപരിജ്ഞാനം ആവശ്യമുള്ള പുതിയ വയറിംഗ് പ്രവൃത്തികൾ മേൽ പ്രോജക്ടിൽ ഉൾപ്പെടുന്നില്ല. വഴിവിളക്കുകളുടെ എ.എം.സി.യും കേടായ വഴിവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതും പുതിയ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയായി കണക്കാക്കാനാവില്ല. ആയതിനാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർവിഷൻ ചാർജ്ജ് അനുവദിച്ചത് ക്രമപ്രകാരമല്ല.

മതിയായ സാങ്കേതിക വൈദഗ്ധ്യമുള്ള എഞ്ചിനീയറിംഗ് വിഭാഗം നഗരസഭയിൽ നിലവിൽ ഉണ്ടായിരിക്കെ DLTCE യെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വ്യക്തമല്ല. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ നിർവ്വഹണോദ്യോഗസ്ഥന്റെ കാര്യക്ഷമമായ ഇടപെടൽ നടന്നിട്ടുള്ളതിന്റെ രേഖ ലഭ്യമല്ല. കരാർ ചമച്ച വേളയിൽത്തന്നെ എസ്റ്റിമേറ്റിന്റെ അപാകതകളും സൂപ്പർവിഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും കരാറിലേർപ്പെട്ട എൻജിനീയർ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല.

അപാകതകളിൻമേലുള്ള വിശദീകരണം രേഖാമൂലം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 22/13.2.19) DLTCE യുമായി ചർച്ച ചെയ്തു എങ്കിലും കൃത്യമായ മറുപടി ലഭിച്ചിട്ടില്ലെന്നറിയിച്ചിട്ടുണ്ട്.

പ്രത്യക്ഷത്തിൽ തന്നെ നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്ന തരത്തിൽ തെറ്റായി രൂപപ്പെടുത്തിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ശരിയായ പരിശോധന ഇല്ലാതെ കരാറിലേർപ്പെടുകയും എ.എം.സി.നൽകുകയും ചെയ്ത നടപടി ക്രമവിരുദ്ധമാകയാൽ എ എം.സി. ക്കായി അധികം നൽകിയ 3,39,000 രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവൃത്തി മെഷർ ചെയ്തതിനും ചെക്ക് മെഷർ ചെയ്തതിനും നൽകിയ 30306 രൂപയും ഉൾപ്പെടെ 369306 രൂപ കരാർ ചമച്ച മുൻസിപ്പൽ എൻജിനിയറിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നമ്പർ 64/29.11.17 തുക-259654

കൺവീനർ-244673

ഐ. റ്റി.-2497

KCWWF- 2497

ശ്രീ. പി.എൻ. നാരായണൻ മെമ്പർ, DLTCE-7490

ശ്രീ. ഇ. എച്ച് മുഹമദ് ഇസ്മെയിൽ ചെയർമാൻ DLTCE-2497

2. ബിൽ നമ്പർ 123/17.03.2018 തുക-259654

കൺവീനർ-244673

ഐ. റ്റി.-2497

KCWWF- 2497

ശ്രീ. പി.എൻ. നാരായണൻ മെമ്പർ, DLTCE-7490

ശ്രീ. ഇ. എച്ച് മുഹമ്മദ് ഇസ്മെയിൽ ചെയർമാൻ DLTCE-2497

3. 2018-19 വർഷത്തെ ചെലവ്തുക-268674 (BRN- 963159)

കൺവീനർ-253150

ഐ. റ്റി.-2583

KCWWF- 2609

ശ്രീ. പി.എൻ. നാരായണൻ മെമ്പർ, DLTCE-7749

ശ്രീ. ഇ. എച്ച് മുഹമ്മദ് ഇസ്മെയിൽ ചെയർമാൻ DLTCE-2589

# 3-10 ബീച്ചിൽ കളിസ്ഥലനിർമ്മാണവും സൗന്ദര്യവൽക്കരണവും - അപാകതകൾ

പ്രോജക്ട് - 99/18

ഫയൽ നം. - PW1/272/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

നിർവ്വഹണ ഏജൻസി - COSTFORD

അടങ്കൽ - 64,50,000/- (2017-18 വർഷം 52,80,607)

ആകെ ചെലവ് - 64,50,000/-(2016-17 വർഷം 11,69,393 :2017-18 വർഷം

52,80,607)

ബിൽ നമ്പർ 86/31.01.18

വാറ്റ്-234547.56

ആദായനികുതി-117273.78

കെ.സി.ഡബ്ല്യ.ഡബ്ല്യ.എഫ്-58635.89

കോസ്റ്റ്ഫോർഡിന് നൽകിയത്-4862877.55

അളവുപുസ്തകം - 2216 costford

കരാർ - 117/16-17/10.03.17

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബീച്ചിൽ, കളിസ്ഥല നിർമ്മാണത്തിനും സൗന്ദര്യവൽക്കരണത്തിനുമായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 64,50,000/- രൂപ വകയിരുത്തി 2016-17 വർഷം ആരംഭിച്ചതാണ് മേൽ പ്രോജക്ട്. 2016-17 വർഷം 11,69,393/- രൂപ നിർവ്വഹണ ഏജൻസിയായ COSTFORDന് മുൻകൂർ നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഫയൽ, അളവുപുസ്തകം എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വേലമൂല്യത്തിൽ ലിമിറ്റ് ചെയ്യാതെ തുക അനുവദിച്ചു

പ്രവർത്തി പൂർത്തിയാക്കി കോസ്റ്റ്ഫോർഡ് ബിൽ സമർപ്പിച്ചപ്പോൾ ആകെ വേലമൂല്യം പരിഗണിക്കാതെ പ്രോജക്ടിന്റെ അടങ്കൽ തുക മുഴുവൻ നൽകിയത്

അളവുപുസ്തകപ്രകാരം M.O.P. ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 5863689.47 |
| കൂട്ടുക SC 2.5% | 146592.24 |
| 15% of SC on ST | 21988.84 |
| | |

| | |
|---|---|
| VAT 4% | 234547.56 |
| IT 2% | 117273.78 |
| 1% KCWWF | 58636.89 |
| | 64,42,728 |

ഇതിൽ നിന്നും 2016-17 വർഷം നൽകിയ തുക 11,69,393/- രൂപയും നിയമാനുസൃത റിക്കവറികളും കുറവ് ചെയ്താൽ 4862877.55 രൂപയാണ് കോസ്റ്റ് ഫോർഡിന് നൽകേണ്ടത്. എന്നാൽ 2017-18 വർഷം 4870148 രൂപ നൽകിയതുവഴി 7271.22 രൂപ അധികം നൽകാനിടയായി.

2) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിന് ടെക്നിക്കൽ സാങ്ഷൻ ലഭിച്ചതായി കാണുന്നില്ല.

3) എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് , കൗൺസിൽ തീരുമാനം എന്നിവ ഫയലിൽ ലഭ്യമല്ല.

4) പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, ഡേറ്റാ പരിശോധനയ്ക്ക് ലഭ്യമല്ല. CPOH ഉൾപ്പെടെയാണോ എല്ലാ ഇനങ്ങൾക്കും നിരക്ക് തയ്യാറാക്കിയത് എന്ന് പരിശോധിക്കാനായില്ല. ഫയലിൽ ആകെ ഉൾപ്പെടുത്തിയിട്ടുള്ളത് Dry Rubble masonry....... എന്ന അധിക ഇനത്തിനുള്ള observed data ആണ്. ഇതിൽ CPOH 15% കൂട്ടിയാണ് നിരക്ക് കണക്കാക്കിയത്. ആയതിനാൽ മറ്റിനങ്ങളുടെ നിരക്കിലും CPOH ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. വാറ്റ്, ഐ.റ്റി തുടങ്ങിയ റിക്കവറികൾക്ക് എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്തി അടച്ചിട്ടുണ്ട്.

5) മിക്ക ഇനങ്ങളുടെയും അളവ് ഒറിജിനൽ എസ്റ്റിമേറ്റിൽ ഉള്ളതിലും ഗണ്യമായി കൂട്ടിയാണ് പ്രവൃത്തി നടപ്പാക്കിയത്. അധിക ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട 14.2.2019 ൽ നൽകിയ 22 -ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അധികമായി നൽകിയ 7271 രൂപ കോസ്റ്റ്ഫോർഡിൽ നിന്നും ഈടാക്കുന്നതാണെന്നും കോസ്റ്റ്ഫോർഡുമായി ചർച്ച ചെയ്ത് മറുപടി സമർപ്പിക്കുന്നതാണെന്നും മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഏജൻസി സമർപ്പിച്ച അളവുപുസ്തകം പരിശോധിച്ച് തുക നൽകേണ്ടത് നിർവ്വഹണോദ്യഗസ്ഥന്റെ ഉത്തരവാദിത്വമാണ്. അധികം നൽകിയ തുക കോസ്റ്റ്ഫോർഡിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ശരിയായ ഉപരിപരിശോധന നടത്താതെ തുക നൽകിയ മുനിസിപ്പൽ എൻജിനിയറുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. അപാകതയിന്മേൽ തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ അകെയുള്ള ചെലവ് തുകയിൽ നിരാകരിച്ച 7271 രൂപ കഴിച്ച് ബാക്കി 5273336/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-11 പൊതുശ്മശാനം നവീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 47/18 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| അടങ്കൽ | 30,40,000 (2017-18 വർഷം 19,36,934 ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| നിർവ്വഹണ രീതി | കോസ്റ്റ്ഫോർഡ് മുഖേന |
| കരാർ | 98/17/16.2.17 |
| അളവുപുസ്തകം | 2209 കോസ്റ്റ്ഫോർഡ് |
| ആകെ ചെലവ് | 30,40,000 (2016-17 വർഷം- 1103066)<br>2017-18 വർഷം 19,36,934 (ബിൽ നമ്പർ 45/8.09.17 )<br>കോസ്റ്റ് ഫോർഡ്-1738451<br>വാറ്റ്- 113419<br>ഐ റ്റി-56709<br>നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം-28355 |

2016-17 വർഷം 30,40,000 രൂപ അടങ്കലിൽ തയ്യാറാക്കിയ മേൽ പ്രോജക്ടിന്റെ നിർവ്വഹണം കോസ്റ്റ്ഫോർഡ് എന്ന അക്രഡിറ്റഡ് ഏജൻസിയാണ് നടത്തിയത്. പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവയിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിച്ചു</u>

പ്രവൃത്തിയുടെ മിക്ക ഇനങ്ങളുടെ അളവും എസ്റ്റിമേറ്റിൽ നിന്നും വളരെ അധികരിച്ചാണ് ചെയ്തിട്ടുള്ളത്. എക്സ്ട്രാ ഇനങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവ്വഹിക്കാനുള്ള കാരണം വ്യക്തമല്ല.

2) <u>ഡാറ്റാ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല</u>

കോസ്റ്റ്ഫോർഡ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ സർവ്വീസ് ചാർജിന് പുറമേ, സർവ്വീസ് ടാക്സ്, വാറ്റ്, ഐടി, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവയ്ക്ക് കൂടി അധികം തുക വകയിരുത്തിയിരുന്നു. എസ്റ്റിമേറ്റിനോടൊപ്പം ഡേറ്റാ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഏത് ഷെഡ്യൂൾ നിരക്ക് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്, നികുതി വിഹിതങ്ങൾ അടയ്ക്കുന്നതിനുള്ള തുക കണ്ടെത്തുന്നതിനുള്ള ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെട്ടിരുന്നോ എന്ന് വ്യക്തമല്ല. (കോസ്റ്റ്ഫോർഡ് തന്നെ നടപ്പാക്കിയിട്ടുള്ള ബീച്ചിലെ കളിസ്ഥലനിർമ്മാണവും സൗന്ദര്യവൽക്കരണവും എന്ന പ്രോജക്ടിന്റെ (നം.99/18) ഫയലിൽ സൂക്ഷിച്ചിട്ടുള്ള അധിക ഇനത്തിന്റെ ഡേറ്റയിൽ CPOH 15% ഉൾപ്പെടുത്തിയിട്ടുണ്ട്.)

3) <u>പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനുള്ള ഫൈൻ ഈടാക്കിയില്ല</u>

നഗരസഭയും സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം 31.3.2017ആണ് പൂർത്തീകരണ തീയതിയായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 25.5.2017ലാണ് പ്രവൃത്തി പൂർത്തിയാക്കിയത്. ഏജൻസിക്ക് നിയമാനുസൃതമുള്ള ദീർഘീകരണം അനുവദിച്ചതായോ നിശ്ചിത നിരക്കിലുള്ള ഫൈൻ ഈടാക്കിയതായോ കാണുന്നില്ല. ജി.ഒ(പി) 13/2012/പി ഡബ്ല്യു ഡി/01-02-12 പ്രകാരമുള്ള പുതുക്കിയ പൊതുമാരാമത്ത് മാന്വൽ പ്രകാരം കരാർ തുകയുടെ 1% ആയ 304009 രൂപ ഏജൻസിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>4) ജനറേറ്റർ വാങ്ങുന്നതിന്റെ ക്വട്ടേഷൻ, വാങ്ങിയ ബിൽ എന്നിവ ലഭ്യമല്ല</u>

എസ്റ്റിമേറ്റിന്റെ ഇനമായി ഉൾപ്പെടുത്തിയത് ജനറേറ്റർ വാങ്ങുക എന്നതായിരുന്നു. ജനറേറ്റർ സ്ഥാപിച്ചതിന് 500000 രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ, വാങ്ങിയ ബിൽ എന്നിവ ലഭ്യമാക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചാണോ വാങ്ങൽ നടത്തിയത് എന്ന് പരിശോധിക്കാനായില്ല.

<u>5)എക്സ്ട്രാ ഇനത്തിന് അധികം തുക നൽകി</u>

മേൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 5 ആയി അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നത് Finishing walls with water.....എന്നാണ്. ഈ ഇനം 481$m^2$ ചെയ്തതായി അളവ് പുസ്തകം പേജ് 15 മുതൽ 18 വരെ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഇനത്തിന് 73.78/$m^2$ നിരക്കാണ് നൽകിയത്. 481 $m^2$ ന് 73.78/$m^2$ നിരക്കിൽ അനുവദിക്കാവുന്നത് 35488.18 രൂപയാണ്. എന്നാൽ അളവ് പുസ്തകം പേജ് 27 പ്രകാരം 479.015$m^2$ ന് 40361.79 രൂപ നൽകിയതു വഴി 4873.64 രൂപ അധികം നൽകി.

<u>6) എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തിയില്ല</u>

കോസ്റ്റ് ഫോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം സർവ്വീസ് ചാർജ്ജുൾപ്പെടെ 28,36,949.9രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ 16-17 വർഷം നൽകിയ 1103066 രൂപയും 17-18 ൽ നൽകിയ 1738451 രൂപയും ഉൾപ്പെടെ 2841517 രൂപ കോസ്റ്റ് ഫോർഡിന് നൽകിയതിനാൽ 4567.1രൂപ അധികം നൽകി.

കോസ്റ്റ് ഫോർഡ് നൽകിയ ബില്ലും അളവ് പുസ്തകവും നിർവ്വഹണോദ്യോഗസ്ഥൻ ഉപരിപരിശോധന നടത്താതെയാണ് തുക നൽകിയത്.

ക്രമനമ്പർ 5,6 പ്രകാരം കോസ്റ്റ് ഫോർഡിന് അധികം നൽകിയ 9440.74(4873.64 + 4567.1) രൂപ ഏജൻസിയിൽ നിന്നോ ബിൽ തയ്യാറാക്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ് .
മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/12.2.2019) കോസ്റ്റ് ഫോർഡുമായി ചർച്ച ചെയ്ത് മറുപടി ലഭ്യമാക്കുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. തൃപ്തികരമായ വിശദീകരണം ലഭിക്കുന്നത് വരെ 2017-18 വർഷം പ്രോജക്ടിനായി ആകെ ചെലവായ തുകയിൽ, നിരാകരിച്ച തുകയുടെ ബാക്കി 19,27,493/- രൂപയുടെ (1936934-9440.74) ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2017-18 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ)<u>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-വാർഡ്സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റില്ല</u>

പ്രോജക്ട് നം. 161/18

അടങ്കൽ-350000/-

ചെലവ്-348700/-

ബിൽ നം./തീയതി/തുക- 10/18,19.2.18-169000/-

11/17-18 , 24.2.18-115600/-

15/17-18, 17.3.18-64100

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം 2017-18 വർഷം 31 പേർക്ക് ആനുകൂല്യം നല്കുന്നതിനായി 3,48,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ വാർഡ് സഭ അംഗീകരിച്ചതിന്റെ ലിസ്റ്റ് ലഭ്യമല്ല. നഗരസഭ മുഖാന്തിരം നടപ്പാക്കുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ വാർഡ് സഭയിൽ അംഗീകരിച്ച് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

ബി) <u>അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ</u>

പ്രോജക്ട് നം. 162/18

അടങ്കൽ-75000/-

ചെലവ്-69002/-

ബിൽ നം./തീയതി/തുക- 12/17-18,28.02.10-69002/-

അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി 69,002/- രൂപ 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്ഷണിച്ച ക്വട്ടേഷൻ നോട്ടീസ് പരിശോധിച്ചതിൽ പ്ലാസ്റ്റിക് ബേബി കസേര (Armed) ISI മുദ്രയുള്ളത് 300എണ്ണം ലഭ്യമാക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്. ചിറ്റേറ്റ് ഏജൻസീസ്, പാല എന്ന സ്ഥാപനത്തിൽ നിന്ന് ഒരു കസേരയ്ക്ക് 230 രൂപ ക്വാട്ട് ചെയ്തത് പ്രകാരം 300 കസേര വാങ്ങിയിട്ടുണ്ട്. മറ്റ് ക്വട്ടേഷനുകളിൽ, ക്വട്ടേഷൻ നോട്ടീസിൽ കൊടുത്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ കുറഞ്ഞ നിരക്കിൽ (അംഗീകരിച്ച ക്വട്ടേഷൻ പ്രകാരമുള്ളതിലും) ക്വാട്ട് ചെയ്തിട്ടുണ്ട്. ആനെറ്റ് എന്റർപ്രൈസസിൽ നിന്നും സമർപ്പിച്ച ക്വട്ടേഷനിൽ Neel kamal with arm ISO എന്ന് രേഖപ്പെടുത്തി 204/-രൂപ എന്ന് ക്വാട്ട് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, കുട്ടികളുടെ ഇരിപ്പ് സുഖം, സുരക്ഷിതത്വം ദീർഘകാല ഈട് എന്നിവയുടെ

അടിസ്ഥാനത്തിൽ കസേര തിരഞ്ഞെടുക്കുന്നതാണ് അഭികാമ്യം എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നോട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടതിലും അധികം ക്വാളിറ്റി വാങ്ങൽ സമയത്ത് പരിഗണിച്ചത് ക്രമപ്രകാരമല്ല. അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2)കസേര നേരിൽ കണ്ടപ്പോൾ ഗുണമേന്മ ബോധ്യമായതിനാലാണ് വിലകൂടിയ കസേര വാങ്ങുവാൻ കമ്മറ്റിയോട് നിർദ്ദേശിച്ചത് എന്ന ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടി തൃപ്തികരമല്ല. ഗുണമേന്മ പരിശോധിക്കേണ്ട ടെക്നിക്കൽ വിഭാഗത്തിന്റെ റിപ്പോർട്ടോടുകൂടിയാണ് ഇപ്രകാരമുള്ള തീരുമാനം എടുക്കേണ്ടിയിരുന്നത്. ആയതിനാൽ പദ്ധതി നിർവഹണം അപാകതകൾ പരിഹരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2017-18 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം (സ്പിൽ ഓവർ) | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം | യോഗ പരിശീലനം |
|---|---|---|---|
| പ്രോജക്ട് നം | 103/18 | 217/18 | 218/18 |
| അടങ്കൽ തുക | 50000 | 50000 | 50000 |
| ചെലവ് തുക | 50000 | 50000 | 50000 |
| ബിൽ നം. തീയതി | 1/17-18, 20.07.2017 | 2/17-18, 24.3.2018 | 3/17-18, 24.3.2018 |
| പരിശീലനം നൽകിയ സ്കൂളുകളുടെ പേര് | 1. ഗവ. ഗേൾസ് എച്ച്.എസ്.എസ്. വൈക്കം<br>2. ഗവ. യു.പി.എസ്. ഐയ്യർകുളങ്ങര<br>3. ഗവ. വി.എച്ച്.എസ്.എസ്. വെസ്റ്റ് | 1. ഗവ. ഗേൾസ് എച്ച്.എസ്.എസ്. വൈക്കം<br>2. ഗവ. യു.പി.എസ്. ഐയ്യർകുളങ്ങര<br>3. ഗവ. വി.എച്ച്.എസ്.എസ്. വെസ്റ്റ് | 1. ഗവ. ഗേൾസ് എച്ച്.എസ്.എസ്. വൈക്കം<br>2. ഗവ. യു.പി.എസ്. ഐയ്യർകുളങ്ങര<br>3. ഗവ. ബോയ്സ് എച്ച്.എസ്.എസ്. വൈക്കം |
| പരിശീലനം നൽകിയ കുട്ടികളുടെ എണ്ണം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

| | | | |
|---|---|---|---|
| പരിശീലകന്റെ പേര് | ശ്രീ. സദാനന്ദൻ | ശ്രീ. സദാനന്ദൻ | ശ്രീ. രാജേന്ദ്രൻ |

മേൽ പരാമർശിച്ച പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പരിശീലനം ലഭിച്ച കുട്ടികളുടെ എണ്ണം, ഹാജർ വിവരം, പരിശീലകരുടെ ഹാജർ വിവരം എന്നിവ ലഭ്യമല്ല. കൂടാതെ, കരാട്ടെ, യോഗ എന്നിവയ്ക്ക് പ്രത്യേകം യൂണിഫോം ഉപയോഗിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ചെലവുകൾക്കായി തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/07.02.2019) നൽകിയ മറുപടിയിൽ സ്കൂളിന്റെ ഉത്തരവാദിത്വം ഉള്ളതിനാൽ നിർവ്വഹണം സംബന്ധിച്ച വിശദമായ പഠനത്തിന് സാധിച്ചില്ല എന്നും അറിയാതെ സംഭവിച്ച അപാകത ക്ഷമിക്കണമെന്നുമാണ് നിർവ്വഹണോദ്യാഗസ്ഥ മറുപടി നൽകിയത്.
അപാകതകൾ പരിഹരിക്കുന്നതിലേക്കായി പ്രോജക്റ്റുകൾക്കായി ചെലവഴിച്ച 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-14 മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫർണ്ണീച്ചർ-ടെണ്ടർ ക്ഷണിച്ചില്ല

പ്രോജക്ട് നമ്പർ-208/18

ചെലവ്-174755(വികസനഫണ്ട്)

ബിൽ നമ്പർ 1/17-18 തീയതി 8.3.18

നിർവ്വഹണോദ്യോഗസ്ഥൻ-ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമസഭ/മത്സ്യസഭ തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ 35 കുട്ടികൾക്ക് സ്റ്റീൽ മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. കോട്ടയം റെയ്ഡ്കോയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെയാണ് ഫർണ്ണീച്ചറുകൾ വാങ്ങിയത് (ഇൻവോയ്സ് നമ്പർ കെടിഎം/1945/17-18 തീയതി 1.3.18). (റെയ്ഡ്കോയിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി ഉള്ളതല്ല). വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) പദ്ധതി നിർവ്വഹണത്തിലെ അറിവില്ലായ്മ മൂലമാണ് ടി അപാകതയുണ്ടായതെന്നും അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കില്ലയെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത പുലർത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

# 3-15 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

1. ഡയറി യൂണിറ്റ് – വനിത

ഡയറി യൂണിറ്റ് വനിത എന്ന പ്രോജക്ട് പ്രകാരം (നം. 148/18) 30 പശുക്കളെ വാങ്ങുന്നതിനായി 750000/- രൂപ (ബിൽ നം. 2/17-18, 25.01.2018 – 500000/-രൂപ + ബിൽ നം. 3/17-18, 28.02.2018-

250000/- രൂപ) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

എ) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി

ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. വിജയമ്മ, ഇടപ്പറമ്പിൽ, മടിയത്തറ എന്ന വ്യക്തിയുടെ പേര് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ബി) വാങ്ങൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

ജി.ഒ. (എം.എസ്.) നം. 80/2017 തസ്വഭവ 30.04.2017 വാങ്ങൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം, വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടതെന്നും ഈ സമിതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം എന്നും പറയുന്നുണ്ട്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം ഒരു പർച്ചേസ് കമ്മറ്റി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ, പശുവിനെ വാങ്ങിയത് സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/13.02.2019) മറുപടി ലഭിച്ചില്ല. മേൽ പരാമർശിച്ചിട്ടുള്ള കാരണങ്ങളാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് നൽകിയ ധനസഹായമായ 25000/- രൂപയുടെ ചെലവ് നിരാകരിക്കുകയും ശേഷിക്കുന്ന 725000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

2. മിൽക്ക് ഇൻസെന്റീവ്

മിൽക്ക് ഇൻസെന്റീവ് (നം. 149/18) എന്ന പ്രോജക്ട് പ്രകാരം 700000/- രൂപ (ബിൽ നം. 1/25.01.2018) 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽക്കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. KUCS പാലളവ് രേഖപ്പെടുത്തി ലഭ്യമാക്കുന്ന പത്രിക, ക്ഷീരസംഘത്തിലെ കർഷകരുടെ ലഡ്ജർ അക്കൗണ്ട് എന്നിവ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നില്ല.

2. ക്ഷീര കർഷകർക്ക് നൽകുന്നതിനായി ക്ഷീരസംഘത്തിൽ ഏൽപ്പിക്കുന്ന പദ്ധതി തുക കർഷകർക്ക് യഥോചിതം ലഭിക്കുന്നുണ്ടോ എന്ന് കർഷകരുടെ പാസ്ബുക്ക് പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

പദ്ധതി നിർവ്വഹണം സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പാക്കേണ്ടതാണ്.

# 3-16 ക്രമവിരുദ്ധമായി തനത് ഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കണം

ശ്രീ. യഹിയ റാവുത്തർ, പ്രൊപ്രൈറ്റർ ബാബൂസ് ബേക്കറി, ഷീബാ മൻസിൽ, തെക്കേനട- എന്നയാൾ നഗരസഭയ്ക്കെതിരെ നൽകിയ കേസ് (നം. WP(C) 38545/16)- ന്റെ കോടതി ഉത്തരവ് പ്രകാരം അന്നത്തെ നഗരസഭ സെക്രട്ടറി 10000/- രൂപ പരാതിക്കാരന് നൽകുന്നതിന് വിധിച്ചിരുന്നു. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും SBT വൈക്കം ബ്രാഞ്ചിന്റെ ചെക്ക് നം. 502266 തി. 27.09.17 പ്രകാരമാണ് നൽകിയിരിക്കുന്നത്. നഗരസഭാ കൗൺസിലിന്റെ 16.09.2017- ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ. ബിജു. എസ്- ൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക തിരികെ ഈടാക്കിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറി നം.18 ന്, ശ്രീ. ബിജു. എസ് ബഹു. ഹൈക്കോടതി മുമ്പാകെ സി.എം.എ 112/18 പ്രകാരം അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും അപ്പീൽ തീരുമാനത്തിന് വിധേയമായി മാത്രമേ തുക ഒടുക്കുകയുള്ളൂയെന്നും നഗരസഭയെ ധരിപ്പിച്ച് ശ്രീ. ബിജു. എസ് കത്ത് നൽകിയതായി സെക്രട്ടറി മറുപടി ലഭ്യമാക്കി.

അപ്പീൽ തീരുമാനം വന്നതിനുശേഷം അതിനു വിധേയമായി സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-17 മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണീറ്റും- പ്രവർത്തനം ആരംഭിച്ച് ലക്ഷ്യം കൈവരിച്ചില്ല

ആറ് ഏക്കറോളം ഭൂപ്രദേശത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ 2007-ൽ ജൈവവള വിപണനകേന്ദ്രമായി പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 7വർഷങ്ങൾക്ക് മുമ്പ് വൈക്കം നഗരസഭാ പ്രദേശത്തെ മാലിന്യങ്ങൾ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ജൈവവള സംസ്കരണത്തിനുള്ള എയ്റോ- ബിന്നുകൾ സ്ഥാപിച്ചിരുന്നു. 2017-18 വർഷം പ്രോജക്ട് നം. 227/18 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണീറ്റിനാവശ്യമായ മെഷിനറികൾ ₹ 982943 ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് വാങ്ങി ഈ കെട്ടിടത്തിൽ സ്ഥാപിച്ചു. വളരെ ദീർഘ വീക്ഷണത്തോടുകൂടി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി വൈക്കം നഗരസഭയെ സംബന്ധിച്ചിടത്തോളം വളരെ ജനോപകാരപ്രദമായ ഒരു പദ്ധതിയാണ്. എന്നാൽ സമയബന്ധിതമായി പണികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കാത്തതുമൂലം എയ്റോ- ബിന്നുകൾ കാലപ്പഴക്കവും ഉപയോഗത്തിന്റെ അഭാവം മൂലവും നശിച്ചു തുടങ്ങുകയും കെട്ടിടത്തിന്റെ മേൽക്കൂര ഉൾപ്പെടെയുള്ള ഭാഗങ്ങൾ പലതും തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലുമാണ്.



**സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ**

പദ്ധതി വൈകുന്നതിനുള്ള കാരണം സംബന്ധിച്ച് നഗരസഭാ അധികൃതർ നൽകിയ വിശദീകരണം പദ്ധതി അവസാനഘട്ടത്തിലാണെന്നും മാർച്ച് മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു വരികയാണെന്നുമാണ്. കേരളം പോലെ വളരെ ജനസാന്ദ്രത കൂടിയ പ്രദേശത്ത് ഇപ്രകാരമുള്ള പദ്ധതികൾ വിജയകരമായി പൂർത്തികരിച്ചു നടപ്പിലാക്കിയാൽ അത് ഒരു മാതൃകാപരമായ സംരംഭമായി മാറുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കി സമായബന്ധിതമായിതന്നെ പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാനാവശ്യമായ നടപടികൾ നഗരസഭ ഭരണസമിതി കൈകൊള്ളേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നിക്ഷേപിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

1) ഇ.എം.എസ്. ഭവന പദ്ധതിയ്ക്ക് അനുവദിച്ച ആകെ വായ്പ തുക 1,01,95,000/-രൂപയാണ്. 31.3.17ൽ അടക്കുവാനുള്ള തുക 2,420,623/- രൂപയാണ്. 31.3.2018 ൽ അടവാക്കാൻ ശേഷിക്കുന്ന ലോൺ തുക 1702360/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബി5 ഷെഡ്യൂളിൽ 24020623/- രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

| വായ്പയിനത്തിൽ ലഭിച്ച ആകെ തുക | 1.4.17 ൽ അടയ്ക്കുവാൻ ബാക്കി നിൽക്കുന്ന തുക | തിരിച്ചടച്ച വായ്പ തുക (2017-18) | അടയ്ക്കുവാനുള്ള തുക |
|---|---|---|---|
| 1,01,95,000 | 2,420,623 | 718263 | 1702360 |

2) KURDFC നഗരസഭക്ക് അനുവദിച്ച വായ്പതുകയിൽ 31.3.17 ൽ കുടിശിക 348313/- രൂപയാണ്. ഈ തുക 31.3.17ൽ നഗരസഭ അടവാക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ 392570/-രൂപ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യത്യാസത്തിനു വിശദീകരണം നൽകേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങളില്ല. ബാലൻസ് ഷീറ്റ് ബി12 ഷെഡ്യൂളിൽ ഇക്വറ്റി ഷെയറായി 2627027/-രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | -- | 2012-13 | -- | പൊതുപരാമർശം നിലനിൽക്കുന്ന | നിലനിൽക്കുന്നു |
| 2011-12 | 3-26 | 2012-13 | - | വൈക്കംനഗരസഭയും പരസ്യനികുതിയും | നിലനിൽക്കുന്നു |
| 2011-12 | 2-7 | 2013-14 | 4-6 | വാടക കുടിശിക ഈടാക്കിയിട്ടില്ല. | നിലനിൽക്കുന്നു |

# 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് നമ്പരും തീയതിയും | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|---|---|
| 2010-11 | എൽ.എഫ്. കെ പി8-493/12 തീയതി 16.6.2012/3.7.2012 | 33-2 | 10500 | ശ്രീമതി. വി.ആർ |

| | | | | |
|---|---|---|---|---|
| | | | | രത്നമയീദേവി |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 156098822.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 141505097 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 466673 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9124676 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 2000 | ശ്രീ. ബിജു. എസ്. സെക്രട്ടറി |
| 3-7 | | 38700 | ശ്രീ. പി.പി. ഷാജി, ഹെൽത്ത് ഇൻസ്പെക്ടർ |
| 3-8 | | 14956 | ശ്രീമതി ലീന ഡി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-9 | | 369306 | ശ്രീ. വിപിൻകൃഷ്ണ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-10 | | 7271 | ശ്രീമതി ലീന ഡി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | | 9440 | ശ്രീ. വിപിൻകൃഷ്ണ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-15 | | 25000 | ശ്രീ. കെ മനോഹരൻ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| ആകെ | | 466673 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 9647 | ശ്രീ. ബിജു. എസ്. സെക്രട്ടറി |
| 3-4 | 127000 | ശ്രീ. കെ.എം. നാരായണൻ, സെക്രട്ടറി ഇൻചാർജ് |
| 3-5 | 422000 | ശ്രീ. കെ.എം. നാരായണൻ, സെക്രട്ടറി ഇൻചാർജ് |
| 3-6 | 490200 | ശ്രീ. പി.പി. ഷാജി, ഹെൽത്ത് ഇൻസ്പെക്ടർ |
| 3-10 | 5273336 | ശ്രീമതി ലീന ഡി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | 1927493 | ശ്രീ. വിപിൻകൃഷ്ണ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-13 | 150000 | ശ്രീ. ജയചന്ദ്, ഹെഡ്മാസ്റ്റർ |
| 3-15 | 725000 | ശ്രീ. കെ മനോഹരൻ, ക്ഷീരവികസന ഓഫീസർ |
| ആകെ | 9124676 | |

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം | പേര്/ ഉദ്യോഗപ്പേര് | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ ബിജു എസ്, സെക്രട്ടറി | സെക്രട്ടറി, തിരുവല്ല മുനിസിപ്പാലിറ്റി | പ്രശാന്തി, പാതിരപ്പള്ളി പി.ഒ ആലപ്പുഴ പിൻ-688521 |
| 2 | ശ്രീ പി പി ഷാജി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ മുനിസിപ്പാലിറ്റി | ശ്രുതിലയം, ഗുരുപുരം പി.ഒ, ആലപ്പുഴ |
| 3 | ശ്രീമതി ലീന ഡി, മുനിസിപ്പൽ | അസി. എഞ്ചിനീയർ, വൈക്കം മുനിസിപ്പാലിറ്റി | സാവേരി, കവരപാടി, വൈക്കം പി.ഒ. |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| 4 | ശ്രീ വിപിൻകൃഷ്ണ, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വർക്കല മുനിസിപ്പാലിറ്റി | ശ്രീഹരി, ഡി -6, അർച്ചന നഗർ, പോങ്ങുംമൂട്, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം |
| 5 | ശ്രീ കെ മനോഹരൻ, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, ഡയറി എക്സ്റ്റെൻഷൻ സർവീസ് യൂണിറ്റ്, ഏറ്റുമാനൂർ. | പൂമംഗലം, തെക്കേനട, വൈക്കം പി.ഒ. പിൻ-686141 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 97-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 98-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.2008 |
| 00-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/09/ 31.12.09/31.3.10 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 07-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |
| 08-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.11 |
| 09-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 10-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 11-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/ 13/21.3.14 |
| 08-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 09-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |

| | |
|---|---|
| 10-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 11-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/ 21.3.14 |
| 12-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 13-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/ 18.03.16 |
| 14-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206/17 29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/1503/17 09.03.2018/17.3.2018 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**(സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ അധികചുമതല),**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.17/178 /2019 തീയതി 05.04.2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വൈക്കം നഗരസഭയുടെ 2017-18 വർഷത്തെ** ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-12-ൽ സൂചിപ്പിച്ചതുപോലെ ആവശ്യമായ എല്ലാ വിവരങ്ങളും എനിക്ക് ലഭിച്ചില്ല. ഈ സാഹചര്യത്തിൽ എന്റെ അഭിപ്രായത്തിൽ **വൈക്കം നഗരസഭയുടെ** 2017-18 വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപെടുത്താൻ സാദ്ധ്യമല്ല.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**(സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ അധികചുമതല)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**